നം.കെഎസ്എ.കെടിഎം.പി.11/1956/2019 തീയതി 17.01.2020

# കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018 മുതൽ 30-11-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 21.12.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ. സാബു.സി.ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.12.2019 മുതൽ 21.12.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലേഖ.വി | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഡാനിമോൾ.കെ.ജെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാജിമോൻ.പി.ബി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.കൃഷ്ണപ്രിയ.എസ് | ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ.കെ.എസ്.രാജു. | 1.04.2018 മുതൽ 31.03.2019 വരെ. |
| സെക്രട്ടറി | ശ്രീമതി.ഗിരിജാകുമാരി അയ്യപ്പൻ | 1.04.2018 മുതൽ 31.03.2019 വരെ |

**മറ്റ് നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി റിയ ആന്റണി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.നെൽസൺ.എം.മാത്യു | 01.04.2018മുതൽ 10.06.2018 വരെ |
| | ഡോ റോസ്മി.കെ.ബേബി | 11.06.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | അജേഷ്.വി. | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പറത്താനം. | ഡോ. ജയചന്ദ്രൻ ജെ.സി. | 01.04.2018 മുതൽ 09.09.2018 വരെ |
| | ഡോ.പ്രശാന്ത്.എ.എം | 10.09.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ഫക്രുദീൻ.എ. | 01.04.2018മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.പദ്മിനിയമ്മ റ്റി.ആർ. | 01.04.2018 മുതൽ 28.02.2019 വരെ |
| | ശ്രീമതി.മെറീന തോമസ് | 01.03.2019 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ.അനിൽ ഡി.ജെ. | 01.04.2018 മുതൽ 28.06.2018 വരെ |
| | ശ്രീ.ലിയോ.എൽ.ജോസ് | 29.06.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സൂസൻ ജോസഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി. | ശ്രീ.ഷാജികുമാർ. വി.കെ | 01.04.2018മുതൽ 31.08.2018 വരെ |
| | ശ്രീ.പി.ആർ.രമേശ്. | 01.09.2018മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.സജികുമാർ എം.എ. | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട്** | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-5 | ക്യാഷ് വെരിഫിക്കേഷൻ |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക കണക്കുകളുടെ അവലോകനം |
| 1-8-1 | രസീതുകളുടെ ഉപയോഗത്തിലെ അപാകതകൾ |
| 1-8-2 | മാനുവൽ രസീത് മുഖേന പിരിക്കുന്ന തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് കൃത്യമായി അടവാക്കുന്നില്ല |
| 1-9 | പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ 19631252 രൂപ പഞ്ചായത്തിന് നഷ്ടമായി |
| 1-10-1 | സഞ്ചയ സോഫ്റ്റ്‌വെയർ- പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചില്ല |
| 1-10-2 | വസ്തുനികുതി – യഥാർത്ഥ ഉപയോഗക്രമം രേഖപ്പെടുത്തുന്നില്ല – കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കുന്നു |
| 1-10-3 | വസ്തുനികുതി – ഉപയോഗക്രമം വ്യത്യസ്തമായി രേഖപ്പെടുത്തിയതുമൂലം കുറഞ്ഞനിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു |
| 1-10-4 | വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നത്- നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം |
| 1-10-5 | അനധികൃതമായി റൂഫ് നിർമ്മിച്ച് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു |
| 1-11-1 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 1-11-2 | ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു |
| 1-11-3 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 1-11-4 | എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരും തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല |
| 1-11-5 | ഒരേ അടിസ്ഥാന ശമ്പളമുള്ള ജീവനക്കാരിൽ നിന്ന് വ്യത്യസ്ത തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നു |

| | |
|---|---|
| 1-11-6 | വിമുക്തഭടന്മാരുടെ തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശത്തിന് നടപടി സ്വീകരിച്ചിട്ടില്ല |
| 1-12-1 | വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു |
| 1-12-2 | ലൈസൻസ്- ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല |
| 1-12-3 | ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു |
| 1-12-4 | റേഷൻകടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല |
| 1-12-5 | സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു |
| 1-13-1 | വാടക ഈടാക്കിയതിൽ കുറവ് |
| 1-13-2 | വാടക |
| 1-14-1 | ബസ് സ്റ്റാന്റ് ലേലം- അപാകതകൾ |
| 1-14-2 | ലേലം നടത്തേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല |
| 1-14-3 | കമ്മിറ്റി തീരുമാനങ്ങളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല |
| 1-15 | വിവിധ ഗ്രാന്റ് തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 1-16 | വിമുക്തി ഇനത്തിൽ ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് |
| 1-17 | മാലിന്യസംസ്കരണം – ശാസ്ത്രീയ സംവിധാനങ്ങളില്ല- ജലസ്രോതസ്സുകളിലെ മലിനീകരണം അതിരൂക്ഷം |
| 1-18 | മഹിളാസമാജത്തിന്റെ ഉടമസ്ഥതയിലുള്ള ആശുപത്രി കെട്ടിടത്തിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ- സർക്കാർ അനുമതി ലഭ്യമായിട്ടില്ല |
| 1-19 | മുറികല്ലുപുറം എസ് സി കോളനിയിൽ വനിത കൗൺസിലിംഗ് ഹാൾ നിർമ്മാണം– ടെൻഡർ വ്യതിയാനം കുറവ് ചെയ്തില്ല- കെട്ടിടം പൂർത്തീകരിക്കുവാൻ പ്രവൃത്തികൾ അവശേഷിക്കുന്നു |
| 1-20 | കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ – അപാകതകൾ |
| 1-21 | മന്ദസ്മിതം- സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പ്രോജക്ട് സർക്കാർ അനുമതി ഇല്ലാതെ നടപ്പിലാക്കിയിരിക്കുന്നു |
| 1-22 | കാഴ്ച 2018- വയോജനങ്ങൾക്ക് കണ്ണട വിതരണം- വാങ്ങിയ കണ്ണടകൾ മുഴുവൻ വിതരണം ചെയ്തിട്ടില്ല |
| 1-23 | വയബിലിറ്റി ഗ്യാപ് ഫണ്ട്- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 1-24 | കായികം 2018- കുട്ടികൾക്ക് കായികപരിശീലനം- പ്രോജക്ടുനിർവഹണത്തിലെ അപാകതകൾ |
| 1-25 | പരിപൂർണ്ണ സാക്ഷരതാപരിപാടി- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ |

| | |
|---|---|
| 1-26 | കുടിവെള്ള പ്രോജക്ടുകൾക്ക് ഗുണഭോക്തൃവിഹിതം വകയിരുത്തിയിരുന്നില്ല |
| 1-27 | ഇ – ടെൻഡർ ഫീസുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടില്ല |
| 1-28 | ഐ സിഡിഎസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ |
| 1-29 | ശബരിമല സ്പെഷ്യൽ ഫണ്ട് |
| 1-30 | കന്നുകുട്ടി പരിപാലന പദ്ധതി നിർവഹണത്തിലെ അപാകതകൾ |
| 1-31-1 | കുഴൽകിണർ നിർമ്മാണത്തിനായി ഭൂഗർഭജലവകുപ്പിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമല്ല |
| 1-31-2 | പിഎംഎവൈ വിഹിതം - ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല |
| 1-32 | ലൈഫ് ഭവനപദ്ധതി – അവലോകനം |
| **ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വാടക ഈടാക്കിയതിൽ കുറവ് |
| **ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | മുറികല്ലുപുറം എസ് സി കോളനിയിൽ വനിത കൗൺസിലിംഗ് ഹാൾ നിർമ്മാണം – ടെൻഡർ വ്യതിയാനം കുറവ് ചെയ്തില്ല |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം |
| 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |

| | |
|---|---|
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 24.03.2018 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 2840083 | 26543323 |
| വരവ് | 301341000 | 175067330 |
| ആകെ | 304181083 | 201610653 |
| ചെലവ് | 280938313 | 130267818 |
| നീക്കിയിരിപ്പ് | 23242770 | 71342835 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവുചെലവ് കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും മതിയായ ശ്രദ്ധ പതിയേണ്ടതാണ്.

### 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ എടുക്കപ്പെട്ടത്/ നീക്കിയിരിപ്പ് | % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 29739523 | 29739523 | 23463282 | 6276241 | 78.89 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 12554000 | 12554000 | 11500075 | 1053925 | 91.60 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 4655000 | 4655000 | 4655000 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 11368000 | 11368000 | 8777331 | 2590669 | 77.21 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5859000 | 5859000 | 2894337 | 2964663 | 49.39 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | | 0 | 16369993 | 16369993 | 9624239 | 6745754 | 58.79 |
| സാക്ഷരത | | 141837 | 5673 | 147510 | 0 | 147510 | |
| പശ്ചിമഘട്ടവികസനപദ്ധതി | | 91111 | 0 | 91111 | 0 | 91111 | |
| ശിശുവികസനം (കേന്ദ്രവിഹിതം) | | 803351 | 1232844 | 2036195 | 1382126 | 654069 | 67.8 |
| പൈക്ക | | 140976 | 0 | 140976 | 0 | 140976 | |
| പ്രത്യേക ഗ്രാന്റ് ODF | | 2400000 | 0 | 2400000 | 448976 | 1951024 | 18 |
| ശബരിമല ഗ്രാന്റ് | | 802161 | 500000 | 1302161 | 621010 | 681151 | 47.6 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 31644892 | 31644892 | 31644892 | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1524 | 422623 | 424147 | 421487 | 2660 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് (റവന്യൂ) | 2400201 | 5120322 | 7520523 | 4462534 | 3057989 | |
| | ബ്ലോക്ക് പഞ്ചായത്ത് (ക്യാപിറ്റൽ) | 0 | 300000 | 300000 | 129015 | 170985 | |
| | ജില്ലാ പഞ്ചായത്ത് (റവന്യൂ) | 0 | 6274037 | 6274037 | 6254352 | 19685 | |
| | ജില്ലാ പഞ്ചായത്ത് (ക്യാപിറ്റൽ) | 3000000 | 0 | 3000000 | 0 | 3000000 | |
| ബി ഫണ്ട് | | 0 | 369320 | 369320 | 369320 | 0 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 21560930 | | 9236958 | 12323972 | |
| ശുചിത്വമിഷൻ ഗ്രാന്റ് | | 0 | 1329356 | 1329356 | 210000 | 1119356 | |

| | | | | | | |
|---|---|---|---|---|---|---|
| പ്രത്യേക ഗ്രാന്റ്-കാർഷികവിപണന കേന്ദ്രം | 137531 | 0 | 137531 | 0 | 137531 | |

**ബി) ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 49320 | 59 |
| കർഷകതൊഴിലാളി പെൻഷൻ | 1907200 | 151 |
| വിധവാപെൻഷൻ | 15312700 | 1275 |
| വാർദ്ധക്യകാലപെൻഷൻ | 34656300 | 2752 |
| വികലാംഗപെൻഷൻ | 5677800 | 453 |
| 50 വയസിന് മുകളിലുള്ള അവിവാഹിതർക്ക് പെൻഷൻ | 706800 | 57 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 270000 | 9 |

## 1-3 പദ്ധതി അവലോകനം

2018-19 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് 31.01.2018ൽ യോഗം ചേർന്നു. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി അംഗങ്ങളുടെ യോഗം 12.01.2018 ൽ ചേർന്നു. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 18.02.18 മുതൽ 25.02.18 വരെയുള്ള ദിവസങ്ങളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ചചെയ്തു. വികസനസെമിനാർ 09.03.2018 ൽ ചേർന്നു. വ്യക്തിഗത ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകൾ 6.05.2018 മുതൽ 20.05.2018 വരെ നടന്നു. ഊരുകൂട്ട യോഗങ്ങൾ 17.05.2018 മുതൽ 20.05.2018 വരെയും, 20.10.18മുതൽ 25.10.2018വരെയും ചേർന്നു. വാർഷിക പദ്ധതിയുടെ അന്തിമ അംഗീകാരം 21.2.2019 ലെ 5(1)-ാം നമ്പർ തീരുമാനപ്രകാരം നൽകിയിട്ടുണ്ട്. വാർഷികപദ്ധതിയ്ക്ക് 21.02.2019 ലെ ജില്ലാ ആസൂത്രണസമിതിയുടെ 490/2018/DPC/DPO/KTM ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു.

| അംഗീകരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതിചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 384 | 221490483 | 256 | 105182063 | --- | 128 | 66 |

അംഗീകാരം ലഭിച്ച 384 പ്രോജക്ടുകളിൽ 128 എണ്ണം തൻ വർഷം നടപ്പിലാക്കാൻ സാധിക്കാതെ വന്നത് പദ്ധതി നിർവ്വഹണത്തിലെ സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 2018-19 വർഷത്തെ ബില്ലുകൾ സമയബന്ധിതമായി സമർപ്പിക്കാൻ സാധിക്കാതെ വന്നതിനാൽ 8270704/-രൂപയുടെ 40 ബില്ലുകൾ ക്യൂവിലായതിനാൽ 2019-20 ലെ അലോട്ട്മെന്റിൽ നിന്നും ഇത്രയും രൂപ ഗ്രാമപഞ്ചായത്തിന്

നഷ്ടമായിട്ടുണ്ട്.

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകളുടെ വകയിരുത്തൽ | പ്രോജക്ടുകളുടെ ചെലവ് |
|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 9 | 9 | 32444900 | 1072110 |
| 2 | വെറ്ററിനറിസർജൻ | 7 | 7 | 5090000 | 2159830 |
| 3 | മെഡി.ഓഫീസർ (പി.എച്ച്.സി) | 3 | 3 | 1300000 | 1056621 |
| 4 | മെഡി.ഓഫീസർ (ആയുർവേദം) | 2 | 2 | 875000 | 871759 |
| 5 | മെഡി.ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 |
| 5 | വി.ഇ.ഒ | 20 | 17 | 102002955 | 50054114 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 4 | 7816082 | 6940331 |
| 7 | ഡയറി ഇൻസ്ട്രക്ടർ | 1 | 1 | 110000 | 1100000 |
| 8 | സെക്രട്ടറി | 35 | 27 | 13213649 | 5908526 |
| 9 | അസി.എഞ്ചിനിയർ | 281 | 169 | 77096521 | 30205659 |
| 10 | അസി.സെക്രട്ടറി | 18 | 13 | 9176376 | 5243126 |
| 11 | എ.ച്ച്.എം | 3 | 3 | 375000 | 369987 |
| ആകെ | | 384 | 256 | 221490483 | 105182063 |

കാർഷികമേഖലയിൽ ജനോപകാരപ്രദമായ വിവിധ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതി ജനറൽ വിഭാഗത്തിൽ കരാറിലേർപ്പെട്ട 123 ഗുണഭോക്താക്കളിൽ 115പേരും, പട്ടികജാതി വിഭാഗത്തിൽ 27 ഗുണഭോക്താക്കളിൽ 24 പേരും, പട്ടികവർഗ്ഗ വിഭാഗത്തിൽ കരാറിൽ ഏർപ്പെട്ട ഒരാളും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത് നേട്ടമാണ്. അഗതി രഹിതകേരളം പദ്ധതി പ്രവർത്തനം ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച് അഗതികുടുംബങ്ങൾക്ക് ആശ്വാസം നൽകി വരുന്നു. ഓരോ സാമ്പത്തിക വർഷവും എത്ര ഗുണഭോക്താക്കൾക്ക് വ്യക്തിഗത പ്രോജക്ടുകളിൽ ഉൾപ്പെടുത്തി സബ്സിഡി നൽകണം എന്ന് പ്രോജക്ട് ആവിഷ്കരിക്കുമ്പോൾ വ്യക്തമായ തീരുമാനങ്ങൾ കൈക്കൊള്ളാത്തതിനാൽ ഗുണഭോക്താക്കളുടെ കുറവ് മൂലം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാതെ വന്നു.

അസി.എഞ്ചിനീയർക്ക് നിർവ്വഹണത്തിന് നൽകുന്ന പ്രോജക്ടുകളുടെ ബാഹുല്യം പ്രോജക്ടുകളുടെ നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനു പകരം വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതിനാലാണ് പ്രോജക്ടുകളുടെ ബാഹുല്യം ഉണ്ടാകുന്നത്.

വീട് വാസയോഗ്യമാക്കൽ എന്ന പ്രോജക്ട് ജനറൽ, എസ്.സി.പി, ടി.എസ്.പി വിഭാഗങ്ങൾക്കായി നടപ്പിലാക്കിയത് കൂടാതെ വാർഡ് 9ലെ ഗുണഭോക്താക്കൾക്ക് മാത്രമായി വീട് വാസയോഗ്യമാക്കൽ എന്ന പ്രോജക്ടിനായി 600,000 രൂപ ചെലവഴിച്ചിട്ടുണ്ട്. 21വാർഡുകൾ ഉള്ള ഗ്രാമപഞ്ചായത്തിലെ ഒരു വാർഡിന് മാത്രമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് ശരിയായ നടപടിയല്ല. തുമ്പൂർ മൂഴി മോഡലിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി വികസനഫണ്ട് വിഹിതം 20 ലക്ഷം രൂപയും, ജില്ലാപഞ്ചായത്ത് വിഹിതം 30 ലക്ഷം രൂപയും വകയിരുത്തിയ പ്രോജക്ട് ആവിഷ്കരിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചതിനുശേഷം ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിൽ വന്നതിനാൽ ടി പ്രോജക്ട് ഉപേക്ഷിക്കേണ്ടിവന്നു. മാലിന്യനിർമ്മാർജ്ജനം ഗ്രാമപഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്.

വിവിധ പ്രോജക്ടുകൾക്കായി 36169560/-രൂപ തനത് ഫണ്ട് വകയിരുത്തുകയും 9236958 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വികസന ഫണ്ട് 19631252/- രൂപ നഷ്ടപ്പെടുവാൻ ഒരു പ്രധാന കാരണം വളരെയധികം തുക തനത് ഫണ്ട് വകയിരുത്തിയതാണ്. ആവശ്യാധിഷ്ഠിതമായി മാത്രം തനത് ഫണ്ട് വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. യാതൊരുവിധ സംരഭകത്വ പ്രവർത്തനവും നടത്താത്ത ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 10,000രൂപ വീതം 42 സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. കാഴ്ച 2018 പ്രോജക്ട് പ്രകാരം 259 കണ്ണട വാങ്ങിയത് പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.

## 1-4 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിൽ ഓഫീസ് ഉത്തരവ് തയ്യാറാക്കി ഉദ്യോഗസ്ഥരുടെ ജോലി വിഭജനം നടത്തി ചുമതലകൾ നൽകിയിരുന്നുവെങ്കിലും വിവിധസെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ അവരുടെ കർത്തവ്യം കാര്യക്ഷമമായി നിർവ്വഹിച്ചിരുന്നില്ലായെന്ന് കാണുന്നു. രസീതുപ്രകാരമുള്ള വരവുകൾ ഫീൽഡ് സ്റ്റാഫിന്റെ കളക്ഷനുശേഷം ഉപരിപരിശോധന നടത്തി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതിന് പകരം യാതൊരു പരിശോധനാ സംവിധാനങ്ങളുമില്ലാത്തതിനാൽ തുക പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാതിരുന്നിട്ടും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ അറിഞ്ഞിരുന്നില്ലായെന്നത് സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ പോരായ്മയാണ് സൂചിപ്പിക്കുന്നത്. സ്ഥലംമാറ്റം ലഭിച്ച് പോവുന്ന ഉദ്യോഗസ്ഥർ അവർ കൈകാര്യം ചെയ്തിരുന്ന ഫയലുകൾ പകരക്കാരന് കൈമാറ്റം ചെയ്യാതെ തന്നെ വിടുതൽ ചെയ്യുന്ന സാഹചര്യവുമുണ്ട്. വസ്തുനികുതി ഡാറ്റാപ്യൂരിഫിക്കേഷൻ നടത്തിയതിലും ഒട്ടേറെ അപാകതകൾ ഉള്ളതായി കാണുന്നു. ശരിയായ സൈറ്റ് പരിശോധന കൂടാതെ തന്നെയാണ് സഞ്ചയ സോഫ്റ്റ്‌വെയറിന്റെ പ്യൂരിഫിക്കേഷൻ നടപടികൾ നടത്തിയത് എന്ന് കാണുന്നു. തൊഴിൽനികുതി ഈടാക്കൽ, ലൈസൻസ് നൽകൽ എന്നിവയിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഈ സ്ഥിതിവിശേഷങ്ങൾ സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പാളിച്ചകളിലേക്ക് വിരൽ ചൂണ്ടുന്നു. ഈ അവസ്ഥയ്ക്ക് ശാശ്വത പരിഹാരം

ഉണ്ടാവുന്നതിന് ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കൂട്ടായ ശ്രമം ഉണ്ടാകേണ്ടതുണ്ട്.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2019 ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 31378/- രൂപ ക്യാഷ് ബാലൻസിന്റെയും 80530/- രൂപ ചെക്കിന്റെയും (ആകെ 111908/- രൂപ) കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.05.19 | 3/2019 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8/9/2017 മുതൽ 22/9/17 വരെ. | 2012-13 മുതൽ 2016-17 വരെ. | LBA (HQ) I I/8A-2684/ 17-18/ 242 dt.01.11.17. |

## 1-7 വാർഷികകണക്കുകളുടെ അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യ പത്രിക ലഭ്യമായ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ 12.6.2019, 13.6.2019 തീയതികളിൽ പരിശോധിക്കുകയും അക്കൗണ്ട് സർട്ടിഫിക്കേഷൻ നടത്തുകയും ചെയ്തിരുന്നു. ഓഡിറ്റ് തീയതിയിലും ധനകാര്യപത്രികയിൽ നിലനിൽക്കുന്ന ന്യൂനതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. 26/07/2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല.
2. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം(Land) കണക്കാക്കി അക്കൗണ്ട് ചെയ്തിട്ടില്ല.
3. വസ്തുനികുതിയുടെ വിവിധ ശീർഷകങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി. പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. മുൻവർഷങ്ങളിൽ ലഭിച്ച നിക്ഷേപ തുകകളുടെ വിശദാംശം ലഭ്യമല്ലാത്തതിനാൽ കാലഹരണപ്പെട്ടവ കണ്ടെത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.
5. വാടക നിക്ഷേപമിനത്തിൽ ലഭിച്ച തുകകൾ മറ്റ് ശീർഷകങ്ങളിലാണ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത്. വാടക നിക്ഷേപമിനത്തിൽ പഞ്ചായത്ത് ഫണ്ടിലുള്ള തുക കണക്കാക്കി Rent Deposit ശീർഷകത്തിലേക്ക് ക്രമീകരിച്ചിട്ടില്ല.
6. സർക്കാർ/ മറ്റ് ഏജൻസി ഡ്യൂസ് രജിസ്റ്റർ തയ്യാറാക്കി പ്രസ്തുതയിനത്തിലുള്ള ബാധ്യത (ലൈബ്രറി സെസ്സ്, ജി.എസ്.ടി. തുടങ്ങിയവ) തുകകളുടെ സമയബന്ധിതമായ ഒടുക്ക് നിരീക്ഷിക്കുന്നില്ല.

7. ട്രേഡേഴ്സ് തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ് എന്നീയിനങ്ങളിൽ മുൻകൂറായി ലഭിച്ച തുകകളുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. പ്രസ്തുത ഇനങ്ങൾക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
8. 31.03.2019 ലെ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരമുള്ള 460100103, 460500501, 460500901 ശീർഷകങ്ങളിലെ മുൻകൂർ തുകയുടെ മുന്നിരിപ്പ് വിശദാംശം 2018-19 അഡ്വാൻസ് രജിസ്റ്ററിലേക്ക് ക്യാരി ഓവർ ചെയ്ത് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത കണക്കുകളുടെ വിശദാംശം വ്യക്തമല്ല.
9. ഭൂജല വകുപ്പിൽ 01.04.2018 ന മുൻപ് നിക്ഷേപിച്ച 545,310/- രൂപ(ശീർഷകം-460500204) ഏതെല്ലാം പ്രോജക്ടുകൾക്ക് നിക്ഷേപിച്ചതാണെന്നുള്ള വിവരം അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. തൻവർഷം 40,340/-രൂപ ജേർണൽ വൗച്ചർ മുഖേന ക്രമീകരിച്ചത് ഏത് പ്രോജക്ടിന്റെ പൂർത്തീകരണത്തിനാണെന്നും രജിസ്റ്ററിൽ ലഭ്യമല്ല.
10. ട്രേയ്ഡേഴ്സ് തൊഴിൽ നികുതി, ഡി & ഓ ലൈസൻസ് ഫീസ്, വാടക എന്നീ അക്രുവൽ വരവുകളുടെ ഡിമാന്റ് രജിസ്റ്റർ പ്രകരമുള്ള കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.
11. വാടക കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കുടിശികയിനത്തിൽ ലഭിച്ചതും 31.03.2019 ൽ ലഭിക്കാനവശേഷിക്കുന്നതുമായ 431400102 ശീർഷകത്തിലെ തുക 13,840/- രൂപ ഏത് കുത്തകക്കാരാണ് ഒടുക്കാനുള്ളതെന്നും കുടിശിക കാലയളവും ലഭ്യമല്ല.
12. ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം അക്കൗണ്ട് ചെയ്തിട്ടില്ല എന്നതിനാൽ പ്രസ്തുത വരവ്-ചെലവ് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രതിഫലിച്ചിട്ടില്ല.
13. നിലവിൽ പ്രസക്തമല്ലാത്ത പരസ്യ നികുതി, പി.എഫ്.എ. എന്നീ അക്രുവൽ വരവ് ഇനങ്ങളിലെ കുടിശിക 31.03.2019 ബാലൻസ് ഷീറ്റിലും നിലനിൽക്കുന്നു.
14. കുടിശിക തുകകൾ ലഭിക്കാനുള്ളതിന് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
15. ഹരിതകർമ്മസേനകൾ തൻവർഷം പിരിച്ചെടുത്ത യൂസർഫീസ് ബാധ്യതാശീർഷകത്തിൽ അക്കൗണ്ടുചെയ്യുന്നതിനു പകരം ഗ്രാമപഞ്ചായത്തിന്റെ തനതു വരവായിട്ടാണ് അക്കൗണ്ടുചെയ്തിട്ടുള്ളത്. ആയതിനാൽ ഹരിതകർമ്മസേനയ്ക്ക് തിരികെ കൊടുക്കുവാൻ അവശേഷിക്കുന്ന തുക 31.3.2019ലെ ബാലൻസ് ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.
16. ഫിക്സഡ് ഡെപ്പോസിറ്റ് ഇനത്തിൽ 31.3.2019ൽ 20578300/-രൂപ അവശേഷിക്കുന്നതായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ 20529416/-രൂപ മാത്രമാണ് അവശേഷിക്കുന്നത്. 2016-2017 വർഷം പലിശയിനത്തിൽ ലഭിച്ച 48884/-രൂപ രണ്ടുതവണ വരവായി രേഖപ്പെടുത്തിയതിനാലാണ് ഇപ്രകാരം സംഭവിച്ചത്.

വാർഷികകണക്കിൽ നിലനിൽക്കുന്ന മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-8-1 രസീതുകളുടെ ഉപയോഗത്തിലെ അപാകതകൾ

24.05.2017-ലെ സ.ഉ(സാധാ)നം 1699/2017/തസ്വഭവ പ്രകാരം അംഗീകരിച്ച തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇ ഗവേർണൻസിൽ ഉൾപ്പെടെ സേവനങ്ങളുടെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. സ.ഉ (എം.എസ്) നം.150/2009/തസ്വഭവ തിയതി 1-8-2009 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. മാന്വൽ രസീതുകളിലൂടെയും സാംഖ്യ സോഫ്റ്റ്‌വെയർ മുഖേനയുമുള്ള പണം വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി മാന്വൽ രസീതുകൾ, സാംഖ്യ രസീതുകളുടെ കൗണ്ടർ ഫോയിൽ, ക്യാൻസൽ ചെയ്ത രസീതുകളുടെ സ്റ്റേറ്റ്മെന്റ്, എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**<u>1)സാംഖ്യാ രസീതുകളിലെ അപാകതകൾ</u>**

എ) ക്യാൻസൽ ചെയ്ത ചുവടെ ചേർത്തിട്ടുള്ള സാംഖ്യാ രസീതുകളിൽ കാരണം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | സ്റ്റേഷനറി നം. |
|---|---|
| 1 | 3149883 |
| 2 | 3149967 |
| 3 | 3149968 |
| 4 | 4748101 |

ബി) 4749518, 8517314 എന്നീ സ്റ്റേഷനറികളിൽ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

**<u>2) മാനുവൽ രസീതുകളിലെ അപാകതകൾ</u>**

എ) മാന്വൽ രസീത് ബുക്ക് നം. 14501, 14512 എന്നിവയിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല (കെടിസി വാല്യം 1ആർട്ടിക്കിൾ 90 ബി, കുറിപ്പ് 2).

ബി) മാന്വൽ രസീത് ബുക്ക് നം. 14502ലെ 10 മുതൽ 100 വരെയുള്ള രസീതുകൾ സാമ്പത്തിക വർഷം അവസാനിച്ചിട്ടും ക്യാൻസൽ ചെയ്തിട്ടില്ല.

സി) ചുവടെ ചേർത്തിട്ടുള്ള മാനുവൽ രസീതുകൾ ക്യാൻസൽ ചെയ്യുകയോ കാരണം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | രസീത് ബുക്ക് നം. | രസീത് നം. |
|---|---|---|
| 1 | 14515 | 44 |
| 2 | 14501 | 100 |

മേൽ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/19.12.19) മറുപടിയായി അപാകതകൾ പരിഹരിച്ച് നൽകിയിട്ടുണ്ട്. രസീതുകളുടെ സൂക്ഷിപ്പിലെ അപാകതകൾ അവയുടെ ദുരുപയോഗത്തിന് കാരണമാകുമെന്നിരിക്കെ ഇത്തരം വീഴ്ചകൾ

ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. രസീതുകളുടേയും അവയുടെ സ്റ്റേഷനറികളുടെയും കൈകാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

### 1-8-2 മാനുവൽ രസീത് മുഖേന പിരിക്കുന്ന തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് കൃത്യമായി അടവാക്കുന്നതില്ല

മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ 01.04.2018 മുതൽ 30.11.2019 വരെ നടന്ന മാനുവൽ രസീതുകളിലൂടെയുള്ള പിരിവുകളുടേയും അവയുടെ പഞ്ചായത്ത് ഫണ്ടിലേക്കുള്ള അടവാക്കലുകളുടേയും പരിശോധനയിൽ മാനുവൽ രസീത് മുഖേന പിരിക്കുന്ന തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുന്നതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പി എൻ കാസിം, പതുപ്പറമ്പിൽ എന്നയാളുടെ IV/112 നമ്പർ കെട്ടിടത്തിൻെറ 2018-19 ലെ വസ്തു നികുതി 76/- രൂപ രസീത് നം. 42/14509 തീയതി 11.02.19 പ്രകാരം ഈടാക്കിയിട്ടുള്ളതാണ്. എന്നാൽ മേൽ തുക ദിവസേനയുള്ള കളക്ഷൻ പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയതായി കാണുന്നില്ല. ടി വസ്തു നികുതിയുടെ സഞ്ചയയിലെ കളക്ഷൻ വിവരങ്ങൾ പരിശോധിച്ചപ്പോൾ 118020106975/29.01.19 സാംഖ്യ രസീത് പ്രകാരം വസ്തുനികുതി അടവാക്കിയതായി കാണുന്നു. എന്നാൽ മേൽ സാംഖ്യ രസീത് ക്യാൻസൽ ചെയ്തിട്ടുള്ളതാണ്.

2. താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ 2018-19 ലെ നികുതി ഈടാക്കിയത് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | ഈടാക്കിയ നികുതി | വർഷം | രസീത്, രസീത് ബുക്ക് നം, തീയതി | അപാകത |
|---|---|---|---|---|---|---|
| 1. | XI/ 170 | കാസിം കാവുങ്കൽ | 55 | 2018-19 | 60/14516, 25.02.19 | പഞ്ചായത്ത് ഫണ്ടിലേക്ക് തുക അടവാക്കിയിട്ടില്ല, സഞ്ചയയിൽ 2017-18 വർഷം വരെയുള്ള തുക മാത്രമേ പോസ്റ്റ് ചെയ്തിട്ടുള്ളൂ |
| 2. | XI/ 60 | പീരുമുഹമ്മദ്, കാവുങ്കൽ | 196 | 2018-19 | 61/ 14516, 25.02.19 | പഞ്ചായത്ത് ഫണ്ടിലേക്ക് തുക അടവാക്കിയിട്ടില്ല, സഞ്ചയയിൽ 2017-18 വർഷം വരെയുള്ള തുക മാത്രമേ പോസ്റ്റ് ചെയ്തിട്ടുള്ളൂ |

| | | | | | | |
|---|---|---|---|---|---|---|
| 3. | XI/161 | അബ്ദുൾ റഷീദ്, മാരിയാത്ത് | 56 | 2018-19 | 77/ 14516, 25.02.19 | പഞ്ചായത്ത് ഫണ്ടിലേക്ക് തുക അടവാക്കിയിട്ടില്ല, സഞ്ചയയിൽ 2016-17 വർഷം വരെയുള്ള തുക മാത്രമേ പോസ്റ്റ് ചെയ്തിട്ടുള്ളൂ |
| 4. | XI/44 | സുധ സിനി മോഹൻ, കല്ലിയിൽ | 121 | 2018-19 | 40/ 14518, 25.03.19 | പഞ്ചായത്ത് ഫണ്ടിലേക്ക് തുക അടവാക്കിയിട്ടില്ല, സഞ്ചയയിൽ 2018-19 വർഷത്തെ പോസ്റ്റ് ചെയ്തിട്ടില്ല, 2019-20 ഒന്നാം അർദ്ധ വർഷത്തെ നികുതി അടവാക്കിയിട്ടുണ്ട്. |
| 5. | X/ 313 | യോഹന്നാൻ, മുതലക്കുഴിത്തറയിൽ | 38 | 2018-19 | 57/ 14518, 29.03.19 | പഞ്ചായത്ത് ഫണ്ടിലേക്ക് തുക അടവാക്കിയിട്ടില്ല, സഞ്ചയയിൽ 29.03.19 തീയതി പിരിച്ച തുക അടവാക്കാതെ 2018-19 വർഷത്തെ നികുതി 2019-20 വർഷത്തെ നികുതിയോടൊപ്പം വീണ്ടും ഡിമാൻറ് ചെയ്ത് 119020106213/ 23.11.19 പ്രകാരം ഈടാക്കി സഞ്ചയയിൽ പോസ്റ്റ് ചെയ്തിരിക്കുന്നു |
| 6. | X/467 | സി എൻ മോഹനൻ | 152 | 2017-18 | 59/ | പഞ്ചായത്ത് ഫണ്ടിലേക്ക് |

| | | | | | | |
|---|---|---|---|---|---|---|
| | | & ഓമന, ചക്കംകുഴിയിൽ | | to 2018-19 | 14518, 29.03.19 | തുക അടവാക്കിയിട്ടില്ല, സഞ്ചയയിൽ 2017-18, 2018/19 വർഷങ്ങളിലെ നികുതി 118020102249/30.06.18 പ്രകാരം ഈടാക്കി പോസ്റ്റ് ചെയ്തിട്ടുള്ളതാണ്. എന്നാൽ മേൽ അടവ് കണക്കാക്കാതെ വീണ്ടും ഡിമാൻറ് ചെയ്ത് ഈടാക്കിയിരിരക്കുന്നു. |

3. ദിവസേനയുള്ള കളക്ഷൻ അടവാക്കിയതിൽ താഴെപ്പറയും പ്രകാരം കുറവ് കാണുന്നു.

| ക്രമ നം. | രസീത് ബുക്ക് നം. | രസീത് നം. | തീയതി | കളക്ഷൻ തുക | അടവാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1. | 14523<br>14530 | 64-100<br>1-34 | 27.11.19 | 32684 | 32299 | 385 |
| 2. | 14519 | 1-27 | 25.5.19 | 7283 | 7202 | 81 |

മേൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (2/18.12.19) ക്യാമ്പ് കളക്ഷൻ സമയത്ത് നെറ്റ് വർക്ക് സൗകര്യം ലഭ്യമല്ലാത്തതിനാൽ സഞ്ചയയിൽ ഡിമാൻറ് നോക്കാനാവാതെ വസ്തു നികുതി ഈടാക്കിയെന്നും പിന്നീട് പോസ്റ്റ് ചെയ്യാൻ സാധിക്കാതെ വന്നതിനാൽ തുക അടവാക്കാൻ സാധിച്ചില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. പിരിച്ച ശേഷം അടവാക്കാതെ കയ്യിൽ ശേഷിച്ച 1160/- രൂപ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് ശേഷം 20.12.19 ലെ 119020107481 നമ്പർ രസീത് പ്രകാരം അഡ്വാൻസ് ഹെഡിലേക്ക് അടവാക്കി രസീതിൻെറ പകർപ്പ് സമർപ്പിച്ചിട്ടുണ്ട്. സ.ഉ (എം.എസ്) നം.150/2009/തസ്വഭവ തിയതി 1-8-2009 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതികൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. വസ്തു നികുതി പിരിവുകൾ കൃത്യമായി അടവാക്കാത്തത് രസീത് പിരിവിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻെറയും പിരിവുകൾ അടവാക്കുന്നത് പരിശോധിക്കുന്നതിൻെറ ചുമതലയുള്ള സൂപ്പർവൈസറി ഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നുമുണ്ടായ ഗുരുതരമായ വീഴ്ചയാണ്. പൊതുജനങ്ങളിൽ നിന്നും പിരിച്ച തുക പഞ്ചായത്തിലേക്ക് അടവാക്കാതെ രസീത് പിരിവിന്

ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ കൈവശം സൂക്ഷിച്ചിരുന്നത് ഗുരുതരമായ തെറ്റാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ പിരിച്ച തുകകൾ കൃത്യമായി പോസ്റ്റ് ചെയ്യാത്തത് വസ്തുനികുതി സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമാകാതിരിക്കുന്നതിന് കാരണമാകുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിൽ പിരിവ് കൃത്യമായി പോസ്റ്റ് ചെയ്ത് കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും പിരിവ് തുകകൾ അടവാക്കാതിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-9 പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ 19631252 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായി

വികസനപ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റിനത്തിൽ ലഭ്യമായ വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് തുടങ്ങിയവ വകയിരുത്തി വാർഷികപദ്ധതിയിലുൾപ്പെടുത്തി പ്രോജക്റ്റുകൾ തയാറാക്കി ആസൂത്രണസമിതി അംഗീകാരം നേടിയിരുന്നു. എന്നാൽ പ്രോജക്റ്റുകൾ സമയബന്ധിതമായി പൂർത്തിയാക്കുകയുണ്ടായില്ല. വാർഷിക പദ്ധതിയിൽ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്ത സർക്കാർ ഗ്രാന്റ് തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റിനം | ബജറ്റ് പ്രകാരം അനുവദിച്ച തുക | ചെലവഴിച്ച തുക | ലാപ്സായതുക |
|---|---|---|---|
| വികസനഫണ്ട്, ജനറൽ | 29739523 | 23463282 | 6276241 |
| എസ്.സി.പി. | 12554000 | 11500075 | 1053925 |
| ടി.എസ്.പി | 4655000 | 4655000 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 16369993 | 9624239 | 6745754 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 11368000 | 8777331 | 2590669 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 5859000 | 2894337 | 2964663 |
| **ആകെ** | | | **19631252** |

പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ വീഴ്ചകൾ മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 1കോടി 96 ലക്ഷത്തിലധികം രൂപയാണ്. കൂടാതെ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കാൻ വൈകിയതിനാൽ 'ക്യൂ'വിലായവ 2019-20 സാമ്പത്തിക വർഷം മാറിയിട്ടുണ്ട്. ഇപ്രകാരം മാറിയ തുകകൾക്കായി 2019-20 വർഷത്തെ ഗ്രാന്റ് അലോട്ട്മെന്റ്കളിൽ നിന്നാണ് കുറവ് വന്നിട്ടുള്ളത്. ഇതുമൂലം 8270704/രൂപ തൻവർഷം പുതുതായി ഏറ്റെടുക്കാമായിരുന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നതിൽ കുറവ് വന്നിട്ടുണ്ട്. ഭേദഗതി കൂടാതെ തുടരുന്ന സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം സർക്കാരിൽ നിന്നും ലഭിയ്ക്കാത്തതിനാൽ ഫലത്തിൽ

27901956/- രൂപ ഗ്രാമപഞ്ചായത്തിന് ആത്യന്തികമായി നഷ്ടമായി. പദ്ധതി ആസൂത്രണ/നിർവ്വഹണ പ്രക്രിയകൾ കാര്യക്ഷമമാക്കി ഇത്തരം നഷ്ടം ഭാവിയിൽ ഒഴിവാക്കാൻ ഭരണസമിതിയും, സ്റ്റാന്റിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

### 1-10-1 സഞ്ചയ സോഫ്റ്റ്‌വെയർ- പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചില്ല

പഞ്ചായത്ത് ഡയറക്ടറുടെ 23.01.18ലെ സി13-6865/11 നമ്പർ സർക്കുലറിൽ വസ്തു നികുതി വിവരങ്ങൾക്കായുള്ള സഞ്ചയ ഡേറ്റാ ബേസിലെ അപാകതകൾ പരിഹരിച്ച് അന്തിമമാക്കുന്നതിന് നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അപാകതകൾ പൂർണ്ണമായി പരിഹരിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിലൂടെയുള്ള വസ്തുനികുതി നിർണ്ണയത്തിലെ അപാകതകളുടെ പ്യൂരിഫിക്കേഷൻ ഏകദേശം പൂർത്തിയായതായും ഇനി 97 കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമാണ് പരിശോധിക്കാനുള്ളതെന്നും ഓഡിറ്റിൽ അറിയിച്ചെങ്കിലും കെട്ടിടങ്ങളുടെ വിവരങ്ങൾ കൃത്യമാക്കിയിട്ടില്ല. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും നിലവിലുള്ള അപാതകളെല്ലാം പരിഹരിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിലെ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്.

### 1-10-2 വസ്തുനികുതി- യഥാർത്ഥ ഉപയോഗക്രമം രേഖപ്പെടുത്തുന്നില്ല- കെട്ടിടങ്ങളെ നികുതിയിൽനിന്ന് ഒഴിവാക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഗ്രാമപഞ്ചായത്തിലെ നിരവധി കെട്ടിടങ്ങളെ യഥാർത്ഥ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് / കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | തറവിസ്തീർണ്ണം (ച.മീ.) | സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ ഉപയോഗക്രമം | മറുപടിയിൽ രേഖപ്പെടുത്തിയത് |
|---|---|---|---|---|
| 1/64 | മദർ സുപ്പീരിയർ, ആശാഭവൻ, വേലനിലം | 200 | ആരാധനാലയം | അനാഥമന്ദിരം- ഭിന്നശേഷിയുള്ള കുട്ടികളെ തൊഴിൽ പരിശീലനം നൽകി പുനരധിവസിപ്പിക്കുന്നു. |
| 2/681 | ജില്ലാ പോലീസ് സൂപ്രണ്ട്, കോട്ടയം | 65 | നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ | പോലീസ് സ്റ്റേഷൻ കെട്ടിടം |
| 2/709 | തഹസീൽദാർ, കാഞ്ഞിരപ്പള്ളി | 30 | നികുതി, ഉപനികുതി ഒഴിവാക്കിയ | വില്ലേജ് ഓഫീസ് |

| | | | | |
|---|---|---|---|---|
| | | | കെട്ടിടങ്ങൾ | |
| 3/166 | വികാരി, സെന്റ് മേരീസ് ലാറ്റിൻ ചർച്ച് | 150 | ആരാധനാലയം (പുതിയ ദേവാലയം 3/167A) | പള്ളിവക കെട്ടിടം |
| 3/532/A, 533, 533/A | ബിഷപ്പ് ജോസഫ് മാർ സക്കറിയ, തിരുവല്ല രൂപത | 120<br>200<br>85 | ആരാധനാലയം | പള്ളിവക കെട്ടിടം |
| 5/62/A | മദർ സുപ്പീരിയർ, എസ്.എച്ച്. കോൺവെന്റ്, വണ്ടൻപതാൽ | 742.85 | ആരാധനാലയം | സ്കൂൾ വക ചാപ്പൽ, ഓഡിറ്റോറിയം |
| 15/22 | സെന്റ് മേരീസ് ഓൾഡേജ് ഹോം, കണ്ണിമല | 150 | നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ | വൃദ്ധമന്ദിരം |
| 18/229, 230 | പ്രസിഡന്റ്, ശാന്തിഗ്രാം സൊസൈറ്റി | 120<br>85 | നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ | അനാഥാലയം |

പൊളിച്ചുമാറ്റിയ കെട്ടിടങ്ങളെ നീക്കംചെയ്യാത്തതും ആരാധനാലയങ്ങൾ അല്ലാത്തവയെ ആരാധനാലയങ്ങളായും നികുതി ചുമത്തേണ്ട കെട്ടിടങ്ങളെ നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ എന്ന ഗണത്തിലും ഉൾപ്പെടുത്തുന്നത് തികച്ചും തെറ്റായ നടപടിയാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ നികുതി ഒഴിവായ എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ പരിശോധനാവിധേയമാക്കേണ്ടതും നികുതി ചുമത്തേണ്ടതായ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് നാളിതുവരെയുള്ള നികുതി ഈടാക്കേണ്ടതുമാണ്.

### 1-10-3 വസ്തുനികുതി- ഉപയോഗക്രമം വ്യത്യസ്തമായി രേഖപ്പെടുത്തിയതുമൂലം കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിലെ വ്യാപാര/ വ്യവസായ സംരംഭങ്ങളുടെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററിൽ പ്രസ്തുത സ്ഥാപനങ്ങൾ/ സംരംഭങ്ങൾ പ്രവർത്തിക്കുന്നുവെന്ന് അപേക്ഷകർ രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയറിൽ വ്യത്യസ്തമായി രേഖപ്പെടുത്തിയതുമൂലം

കുറഞ്ഞ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിടനമ്പർ/ തറ വിസ്തീർണ്ണം(ച.മീ.) | ഉടമസ്ഥന്റെ പേര്/ മേൽവിലാസം | ലൈസൻസ് രജിസ്റ്റർ പ്രകാരം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സംരംഭം/ സ്ഥാപനം | നിലവിൽ നിർണ്ണയിച്ച ഉപയോഗക്രമം/ നികുതി നിരക്ക് (രൂപ) |
|---|---|---|---|
| 2/258<br>35 | ശ്രീ.രാജു, നടുവിലെ വീട്, മുണ്ടക്കയം | അലൂഫ് എഞ്ചിനീയറിംഗ് വർക്സ് | പാർപ്പിടാവശ്യം<br>6/- |
| 2/548<br>60 | ശ്രീ.എ.ഐ.കുര്യാക്കോസ്, പുതിയേടത്ത് | കേളചന്ദ്ര മെറ്റൽ ഇൻഡസ്ട്രീസ് | ഷെഡ്<br>10/- |
| 2/360<br>24 | ശ്രീമതി സാലി ജോസ്, പുറക്കാട്ട് | ടി കേക്ക്സ്- ബേക്കറി& കൂൾബാർ | പാർപ്പിടാവശ്യം<br>6/- |
| 2/116<br>55 | ശ്രീമതി മേരിക്കുട്ടി ജോസഫ്, കൊച്ചുവീട്ടിൽ | അമല ബേക്കറി | ഷെഡ്<br>10/- |
| 3/638A<br>175 | ശ്രീമതി ആനി തോമസ്, പൊട്ടംകുളം | തേൻ, ജ്യൂസ് എന്നിവയുടെ വ്യാപാരം | പാർപ്പിടാവശ്യം<br>6/- |
| 3/803<br>80 | ശ്രീ.പി.കെ.നാസർ, ഷമിൽ മൻസിൽ, വെള്ളനാടി | പി.കെ.എൻ ടിംബേഴ്സ്, തടി വ്യാപാരം | പാർപ്പിടാവശ്യം<br>6/- |

ആയതിനാൽ ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും യഥാർത്ഥ ഉപയോഗക്രമം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സ്ഥലപരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തേണ്ടതും വസ്തുനികുതി കൃത്യമായി നിർണ്ണയിക്കേണ്ടതുമാണ്.

### 1-10-4 വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നത്- നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കണ്ടു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള (സംയുക്ത ഉടമസ്ഥതയിലുള്ള

ഒറ്റകെട്ടിടം) വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ.കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 40/-രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 50/-രൂപ നിരക്കിലും 200ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് 70/-രൂപ നിരക്കിലുമാണ് നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | വാർഡ്/ കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച മീ.) | നിർണ്ണയിച്ച നികുതി@40/ച.മീ. | കുറിപ്പുകൾ |
|---|---|---|---|---|
| ശ്രീ.സക്കീർ ഹുസൈൻ, ശ്രീമതി.റസീന ഫിറോസ്, കട്ടുപ്പാറ, ശ്രീമതി.ഹസീന അനൂപ്, പാറയ്ക്കൽ, ശ്രീമതി.റൂബി കട്ടുപ്പാറ, ശ്രീ.ഫിറോസ്.കെ.ഉമ്മർ, മുണ്ടക്കയം, | 2/709M | ഒന്നാംനില 36.5 | അടിസ്ഥാന നികുതി-1460 വർദ്ധനവ്-292 (റോഡ്20%) ആകെ -1742 ഇളവ് @5%- 87.6 വസ്തുനികുതി - 1665 L.C-84 | കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 200 ച.മീറ്ററിൽ കൂടുതലാണെങ്കിലും വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതും 100.ച.മീറ്ററിൽ താഴെയുള്ളതുമായ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി നിർണ്ണയിച്ചത്. ടി കെട്ടിടമുറികളെ സഞ്ചയ സോഫ്റ്റ്വെയറിൽ വ്യത്യസ്ത ഉടമസ്ഥതയിലുള്ളതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ടി കെട്ടിടത്തിന്റെ പെർമിറ്റ് സംബന്ധിച്ച ഫയലിൽ കൂട്ടായ ഉടമസ്ഥതയിലാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. |
| | 2/709O | ഒന്നാംനില 36.5 | അടിസ്ഥാന നികുതി-1460 വർദ്ധനവ്-292(റോഡ്20%) ആകെ -1742 ഇളവ് @5%- 87.6 വസ്തുനികുതി - 1665 L.C-84 | |
| | 2/709P | ഒന്നാംനില 36.5 | അടിസ്ഥാന നികുതി-1460 വർദ്ധനവ്-292 (റോഡ്20%) ആകെ -1742 ഇളവ് @5%- 87.6 വസ്തുനികുതി - 1665 L.C-84 | |

| | | | | |
|---|---|---|---|---|
| | | | | |
| | 2/709Q | ഒന്നാംനില 36.5 | അടിസ്ഥാന നികുതി-1460 വർദ്ധനവ്-292 (റോഡ്20%) ആകെ -1742 ഇളവ് @5%- 87.6 വസ്തുനികുതി - 1665 L.C-84 | |
| | 2/709A | 25.85 | അടിസ്ഥാന നികുതി-1034 വർദ്ധനവ്-207 (റോഡ്20%) ആകെ നികുതി-1241 L.C-63 | |
| | 2/709D | 25.85 | അടിസ്ഥാന നികുതി-1034 വർദ്ധനവ്-207 (റോഡ്20%) ആകെ നികുതി-1241 L.C-63 | |
| | 2/709T | ഒന്നാംനില 36.5 | അടിസ്ഥാന നികുതി-1460 വർദ്ധനവ്-292 (റോഡ് 20%) ആകെ -1742 ഇളവ് @5%- 87.6 വസ്തുനികുതി - 1665 L.C-84 | |
| ആകെ വിസ്തീർണ്ണം | | 234.2 | | |
| ശ്രീ.ബിനു വർഗീസ്, | 3/1008A | 63.51 | അടിസ്ഥാനനികുതി-2540 | കെട്ടിടത്തിന്റെ ആകെ |

| | | | | |
|---|---|---|---|---|
| കോഴികൊത്തിക്കൽ, മുണ്ടക്കയം | | സെല്ലാർ | വർദ്ധനവ്-508<br>(റോഡ്20%)<br>ആകെ നികുതി- 3048<br>L.C- 152 | |
| | 3/1008B | 27.97<br>സെല്ലാർ | അടിസ്ഥാനനികുതി-1118.8<br>വർദ്ധനവ്-234<br>(റോഡ്20%)<br>ആകെ നികുതി- 1353<br>L.C- 68 | |
| | 3/1008C | 32.8<br>താഴത്തെ നില | അടിസ്ഥാനനികുതി-1312<br>വർദ്ധനവ്-262<br>(റോഡ്20%)<br>ആകെ നികുതി-1574<br>L.C- 79 | |
| | 3/1008D | 155.63<br>താഴത്തെ നില<br>@50/ച.മീ | അടിസ്ഥാനനികുതി-7781.50<br>വർദ്ധനവ്-1556(റോഡ്20%)<br>ആകെ നികുതി- 9338<br>L.C- 467 | തറവിസ്തീർണ്ണം 200 ച.മീറ്ററിൽ കൂടുതലാണെങ്കിലും കെട്ടിടനമ്പർ 3/1008D ഒഴികെ ഉള്ളവയ്ക്ക് വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതും 100.ച.മീറ്ററിൽ താഴെയുള്ളതുമായ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി നിർണ്ണയിച്ചത്. |
| | 3/1008E | 31.83<br>താഴത്തെ നില | അടിസ്ഥാനനികുതി-1273.20<br>വർദ്ധനവ്-255<br>(റോഡ്20%)<br>ആകെ നികുതി- 1528<br>L.C- 76 | |
| | 3/1008F | 17.45<br>താഴത്തെ നില<br>ഓഫീസ് | അടിസ്ഥാനനികുതി-698<br>വർദ്ധനവ്-140<br>(റോഡ്20%)<br>ആകെ നികുതി-838<br>L.C- 42 | |

| | | | | |
|---|---|---|---|---|
| | 3/1008G | 17.45 താഴത്തെ നില | അടിസ്ഥാനനികുതി-698<br>വർദ്ധനവ്-140<br>(റോഡ്20%)<br>ആകെ നികുതി-838<br>L.C-42 | |
| ആകെ വിസ്തീർണ്ണം | | 346.64 | | |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പുന:പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ആയതിനാൽ ഗ്രാമപഞ്ചായത്തിലെ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി പരിശോധനാവിധേയമാക്കേണ്ടതും ഓരോ കെട്ടിടത്തെയും ബാധകമായ ഗണത്തിൽ ഉൾപ്പെടുത്തി നികുതി പുനർനിർണയിക്കേണ്ടതുമാണ്.

## 1-10-5 അനധികൃതമായി റൂഫ് നിർമ്മിച്ച് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു

മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനായി നികുതി നിർണ്ണയം നടത്തി വാണിജ്യസ്ഥാപനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളുടെ റൂഫ് നിർമ്മിച്ച് അടവാക്കി വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതായി കാണുന്നു. റൂഫ് നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ നിന്നും നിർമ്മാണാനുമതി നൽകിയതായി കാണുന്നില്ല. കെട്ടിടത്തിന്റെ സുരക്ഷക്കായി റൂഫ് നിർമ്മിക്കാവുന്നതാണ് എങ്കിലും ആയത് അടവാക്കി വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നപക്ഷം ആയതിന് നികുതി നിർണ്ണയിക്കേണ്ടതാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ വിവരം | വാണിജ്യസ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 3/ 904A,B,C | കെ.എം.ഇസ്മയിൽ | മോഡേൺ ഫർണ്ണിച്ചർ മാർട്ട് |
| 2 | 3/1000, 1003 | വിനു വർഗ്ഗീസ് | ഹൈറേഞ്ച് ഹോം അപ്ലയൻസസ് |

അപാകത സബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതും സമാന അപാകത നിലനിൽക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-11-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204(1)എ(ii) അനുശാസിക്കുന്നത് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളും തൊഴിൽകരം അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും പരിശോധനയ്ക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കരാറുകാർ തൊഴിൽനികുതി അടച്ചതായി

കാണുന്നില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/20.12.19) തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ഉദ്യോഗത്തിലോ ബിസിനസിലോ മറ്റ് ഇടപാടുകളിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളും തൊഴിൽകരം അടയ്ക്കാൻ ബാദ്ധ്യസ്ഥനായതിനാൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-11-2 ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷം മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനം | പേര് | അർദ്ധ വർഷം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ | അരുൺ കെ സാബു | 1 | 166200 | 1250 | 450 | 800 |
| 2 | സെൻറ് ജോസഫ്സ് സെൻട്രൽ സ്കൂൾ | ദിവ്യ കരുണാകരൻ | 1 | 49200 | 450 | 300 | 150 |
| 3 | കല്യാൺ ജൂവലേഴ്സ് ഇൻഡ്യാ ലിമിറ്റഡ് | രാജേഷ് ഫീൽഡ് സ്റ്റാഫ് | 2 | 60000 | 600 | 450 | 150 |

തൊഴിൽ നികുതി കുറവായി ഈടാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/19.12.19) അടിയന്തിരമായി തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വരുമാനത്തിന്റെ സ്ലാബ് അനുസരിച്ച് തൊഴിൽ നികുതി ഈടാക്കേണ്ടത് ബന്ധപ്പെട്ട സെക്ഷനിലെ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമാണ്. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക കൂടി ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ചേർക്കേണ്ടതാണ്.

## 1-11-3 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷം മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കായിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ന്യൂ ഇൻഡ്യാ കോളേജ് | 1,2 |
| 2 | ഇൻഫോ ടെക് കമ്പ്യൂട്ടർ അക്കാഡമി | 1,2 |
| 3 | എം ഇ എസ് പബ്ലിക് സ്കൂൾ | 1,2 |
| 4 | എസ് എൻ പബ്ലിക് സ്കൂൾ | 1,2 |
| 5 | മുളമൂട്ടിൽ ഫിനാൻസ് | 1,2 |
| 6 | ബി എസ് എം കോളേജ് | 1,2 |
| 7 | സാന്തോം കോളേജ് | 1,2 |
| 8 | പീപ്പിൾസ് ഹോസ്പിറ്റൽ | 1,2 |
| 9 | രേഷ്മ ക്ലിനിക്കൽ ലാബ് | 1,2 |
| 10 | ഹൈ ഡെന്റ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് | 1,2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/20.12.19) തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളും പരാമർശത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. കൃത്യമായ ഡിമാന്റ് തയ്യാറാക്കി ഓരോ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

### 1-11-4 എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരും തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷം മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | എം ഇ എസ് പബ്ലിക് സ്കൂൾ | 2 |
| 2 | എസ് എൻ പബ്ലിക് സ്കൂൾ | 2 |
| 3 | ശ്രീ ശബരീശ കോളേജ് മുരിക്കുംവയൽ | 1,2 |
| 4 | ബി എസ് എം കോളേജ് | 1,2 |
| 5 | മുളമൂട്ടിൽ ഫിനാൻസ് | 1,2 |
| 6 | ടോട്ടൽ സ്കാനിംഗ് സെന്റർ | 1,2 |
| 7 | മീനച്ചിൽ നീതി ഡയഗനോസ്റ്റിക് സെന്റർ | 1,2 |
| 8 | എ ജി എം കോളേജ് ഓഫ് പാരാമെഡിക്കൽസ് | 1,2 |

| | | |
|---|---|---|
| 9 | ന്യൂ വിഷൻ ഐ ഹോസ്പിറ്റൽ | 1,2 |
| 10 | പീപ്പിൾസ് ഹോസ്പിറ്റൽ | 1,2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/20.12.19) നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഡിമാന്റിൽ നിന്ന് തൊഴിൽ നികുതി അടക്കേണ്ട ജീവനക്കാർ ഒഴിവാക്കപ്പെടുന്നത് പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്നു, തൊഴിൽ നികുതി അടക്കേണ്ട വരുമാന പരിധിയിലുള്ള എല്ലാ ജീവനക്കാരുടെയും ആധികാരികമായ വിവരം ശേഖരിക്കേണ്ടതും ഡിമാന്റ് പരിധിയിൽ കൊണ്ടുവരേണ്ടതുമാണ്.

### 1-11-5 ഒരേ അടിസ്ഥാന ശമ്പളമുള്ള ജീവനക്കാരിൽ നിന്ന് വ്യത്യസ്ത തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷം മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ആശിർവാദ് മൈക്രോ ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി പത്രികയിൽ ജീവനക്കാരുടെയെല്ലാം അടിസ്ഥാന ശമ്പളം 8280/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ താഴെപ്പറയും പ്രകാരം വ്യത്യസ്ത തൊഴിൽ നികുതിയാണ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നം | പേര് | അർദ്ധ വർഷം | ഈടാക്കിയ നികുതി |
|---|---|---|---|
| 1 | ഷൈനി റ്റി<br>ബ്രാഞ്ച് മാനേജർ | 1&2 | 750 |
| 2 | സുജിത്ത് കുമാർ<br>ബ്രാഞ്ച് മാനേജർ | 1 | 600 |
| 3 | ബിസോമിയ കെ ബി<br>ഫീൽഡ് ഡവലപ്മെൻറ് ഓഫീസർ | 1&2 | 600 |
| 4 | ക്രിസ്റ്റോ സുധീർ<br>ഫീൽഡ് ഡവലപ്മെൻറ് ഓഫീസർ | 1 | 600 |
| 5 | നിഷാദ് സി ആർ<br>ഫീൽഡ് ഡവലപ്മെൻറ് ഓഫീസർ | 2 | 450 |

ഒരേ അടിസ്ഥാന ശമ്പളത്തിന് വ്യത്യസ്ത തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/19.12.19) അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അർദ്ധ വാർഷിക വരുമാന പത്രികയിലും തൊഴിൽ നികുതി രജിസ്റ്ററിലും ഒരേ അടിസ്ഥാന ശമ്പളവും വ്യത്യസ്ത തൊഴിൽ നികുതിയും

വന്നിട്ടുള്ളത് ബന്ധപ്പെട്ട സെക്ഷന്റെ അശ്രദ്ധ മൂലമാണ്. ഓരോ അർദ്ധ വാർഷിക വരുമാന പത്രികയും സൂക്ഷ്മനിരീക്ഷണം നടത്തി വരുമാനത്തിന്റെ സ്ലാബിനനുസരിച്ച് തുക ഈടാക്കുന്നതിനുള്ള ചുമതല സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെയാണ്. നികുതി പിരിവിൻമേൽ അപാകതകൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

### 1-11-6 വിമുക്ത ഭടന്മാരുടെ തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശത്തിന് നടപടി സ്വീകരിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മുണ്ടക്കയം ശാഖയിലെ വിമുക്തഭടന്മാരായ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നം | പേര്, ഉദ്യോഗപ്പേര് | അർദ്ധവാർഷിക വരുമാനം | ഒടുക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|
| 1 | ഹരിദാസൻ എം<br>കസ്റ്റമർ അസ്സോസിയേറ്റ് | 289176<br>(ഒന്നാം അർദ്ധ വർഷം) | 1250 |
| 2 | ഹരിദാസൻ എം<br>കസ്റ്റമർ അസ്സോസിയേറ്റ് | 272304<br>(രണ്ടാം അർദ്ധ വർഷം) | 1250 |
| 3 | മധുസൂദനൻ കെ.ജെ<br>ആംഡ് ഗാർഡ് | 207216<br>(ഒന്നാം അർദ്ധ വർഷം) | 1250 |
| 4 | മധുസൂദനൻ കെ.ജെ<br>ആംഡ് ഗാർഡ് | 180120<br>(രണ്ടാം അർദ്ധ വർഷം) | 1250 |
| 5 | സാബു പി കെ<br>ആംഡ് ഗാർഡ് | 194772<br>(ഒന്നാം അർദ്ധ വർഷം) | 1250 |
| 6 | സാബു പി കെ<br>ആംഡ് ഗാർഡ് | 148692<br>(രണ്ടാം അർദ്ധ വർഷം) | 1250 |
| 7 | സജി റ്റി വി<br>ആംഡ് ഗാർഡ് | 201444<br>(ഒന്നാം അർദ്ധ വർഷം) | 1250 |
| 8 | സജി റ്റി വി<br>ആംഡ് ഗാർഡ് | 178182<br>(രണ്ടാം അർദ്ധ വർഷം) | 1250 |

| | | | |
|---|---|---|---|
| 9 | ജോർജ്കുട്ടി കെ.എ<br>ആംഡ് ഗാർഡ് | 142932<br>(ഒന്നാം അർദ്ധ വർഷം) | 1250 |
| 10 | ജോർജ്കുട്ടി കെ.എ<br>ആംഡ് ഗാർഡ് | 124662<br>(രണ്ടാം അർദ്ധ വർഷം) | 1000 |
| 11 | തോമസ് വി<br>ആംഡ് ഗാർഡ് | 138060<br>(ഒന്നാം അർദ്ധ വർഷം) | 1250 |
| 12 | തോമസ് വി<br>ആംഡ് ഗാർഡ് | 120768<br>(രണ്ടാം അർദ്ധ വർഷം) | 1000 |

മേൽ പറഞ്ഞ അപാകത 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്നുവെങ്കിലും തുടർ നടപടികൾ സ്വീകരിച്ച് 2018-19 വർഷത്തിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശങ്ങളിന്മേൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-12-1 വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. എന്നാൽ മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. 2018-19 സാമ്പത്തിക വർഷം മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ 667 സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ, വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2018-19 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 1609 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 141 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലക്സ് | 17 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലക്സ് | 241 |

| | |
|---|---|
| | |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 4 |
| ഓഫീസ് ആവശ്യം | 51 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 226 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 24 |
| **ആകെ എണ്ണം** | **2313** |

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ 2313 കെട്ടിടങ്ങളെ വാണിജ്യ-വ്യവസായ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 667 സ്ഥാപനങ്ങൾക്ക് മാത്രമേ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളൂ. ഇതിൽനിന്നും നിരവധി വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നുണ്ടെന്ന് വ്യക്തമാണ്. ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തത് മൂലവും ചട്ടലംഘനംമൂലവും ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് വരുമാനനഷ്ടവും സംഭവിക്കുന്നു. ലൈസൻസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ്, ട്രേഡേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്. അദാലത്തുകൾ നടത്തി ലൈസൻസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-12-2 ലൈസൻസ് - ഭേദഗതി ചട്ട പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല

എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പു കൂട്ടി വായിച്ചതും 2017-ലെ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 എന്നിവ പ്രകാരം 1996- ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടത്തിന്റെ ബ്രാക്കറ്റിലുള്ള പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10-ലെ പട്ടിക- 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം ഭേദഗതി ചട്ടങ്ങളിലെ ചില നിയമങ്ങൾ പാലിച്ചാണ് ലൈസൻസ് അനുവദിച്ചതെങ്കിലും കൃത്യമായ അടിസ്ഥാനരേഖകൾ തയ്യാറാക്കാതെയാണ് ലൈസൻസ് അനുവദിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കിയത്.

1. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചതായി കാണുന്നില്ല. അപേക്ഷകളിലോ രജിസ്റ്ററിലോ തരം ഏതാണെന്നോ പട്ടിക 2 പ്രകാരം ഫീസ് എത്രയാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.

2. ദൈനംദിന വിറ്റുവരവ് ചേർക്കുന്ന കോളത്തിൽ തന്നെ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ അപേക്ഷ ഫോറങ്ങളിലും കൃത്യമായി മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല.
3. പുതിയ ഫീസ് നിരക്ക് ഭരണസമിതിക്ക് സമർപ്പിച്ച് ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടില്ല.

ബി) 2016 -ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനായി വ്യാപാരം/വ്യവസായം ആരംഭിക്കുമ്പോൾ 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകളും നിരോധിത പ്ലാസ്റ്റിക്കുകളും ഉത്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ ചെയ്യുന്നില്ല എന്ന സത്യവാങ്മൂലം ലൈസൻസിയിൽനിന്നും വാങ്ങേണ്ടതായിട്ടുണ്ട്. സർക്കുലർ നം.576/ഡിസി1/16/തസ്വഭവ തിയതി 24-9-2016 പ്രകാരം ഇതിൽ തുടർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-7-2017 പ്രകാരം നിലിവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങൾ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശം**

1. പുതുക്കിയ ചട്ടങ്ങൾ അനുസരിച്ച് അപേക്ഷകൾ വിതരണം ചെയ്യേണ്ടതും ലൈസൻസ് നൽകേണ്ടതുമാണ്.
2. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട ഫീസ് ഗ്രാമപഞ്ചായത്ത് നിശ്ചയിക്കേണ്ടതും ആയതിനുസരിച്ച് ഫീസ് ഈടാക്കേണ്ടതുമാണ്.
3. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കി മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും സത്വരശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

### 1-12-3 ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012 എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും പ്രസ്തുത ലൈസൻസിലും 2012 കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക്

ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും യാതൊരാളും ഒന്നാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്ന ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടുപോകുവാനോ പാടുള്ളതല്ല. എന്നാൽ മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പരിധിയിൽ 2018-19 വർഷം ഒരു സ്ഥാപനത്തിന് മാത്രമാണ് ഫാമുകൾക്കുള്ള ലൈസൻസ് നൽകിയിട്ടുള്ളത്. വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ -പ്രകാരം വ്യവസായ ആവശ്യത്തിനുള്ള ഷെഡുകൾ എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി ലൈവ് സ്റ്റോക്ക് ഷെഡ്, കോഴി വളർത്തൽ ഷെഡ് എന്നിവയായി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012 പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിടം | കെട്ടിട ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|---|
| 1 | I/199 | സാബു പി എ | ലൈവ് സ്റ്റോക്ക് ഷെഡ് |
| 2 | I/237 A | ലോഹിദാസ് | കോഴി വളർത്തൽ ഷെഡ് |
| 3 | II/113 | ജോർജ് തോമസ് | കോഴി വളർത്തൽ ഷെഡ് |
| 4 | II/238 | ഈത്തമ്മ എബ്രഹാം | കോഴി വളർത്തൽ ഷെഡ് |
| 5 | III/105 | പി വി വിജയൻ | കോഴി വളർത്തൽ ഷെഡ |
| 6 | IV/175 | തോമസ് കുര്യൻ | കോഴി വളർത്തൽ ഷെഡ് |
| 7 | VII/9A | തോമസ് കുര്യൻ | കോഴി വളർത്തൽ ഷെഡ് |
| 8 | IX/107 A | തോമസ് കുര്യൻ | കോഴി വളർത്തൽ ഷെഡ് |
| 9 | X/78 B | തോമസ് ചാക്കോ | കോഴി വളർത്തൽ ഷെഡ് |
| 10 | X/93 A | ലൈലാ ബീവി | കോഴി വളർത്തൽ ഷെഡ് |
| 11 | X/242 B | റെനി ആൻറണി | കോഴി വളർത്തൽ ഷെഡ് |
| 12 | X/242 C | റെനി ആൻറണി | കോഴി വളർത്തൽ ഷെഡ് |
| 13 | X/242 D | ആൻറണി പി ആൻറണി | കോഴി വളർത്തൽ ഷെഡ് |
| 14 | XII/36 B | റീന അലക്സാണ്ടർ | കോഴി വളർത്തൽ ഷെഡ് |

കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012 പ്രകാരം 100 എണ്ണത്തിൽ കൂടുതൽ കോഴികൾ ഉണ്ടെങ്കിൽ ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് എടുക്കേണ്ടതാണ്. ഇപ്രകാരം കോഴി വളർത്തൽ ഷെഡ് ആയി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ വളർത്തുന്ന കോഴികളുടെ എണ്ണം ലഭ്യമാക്കുവാൻ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ചും ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ചും ലൈവ് സ്റ്റോക്ക് ഷെഡുകളായി നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമം സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ചും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/20.12.19) എല്ലാ ഫാമുകൾക്കും അറിയിപ്പ് നൽകി ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

വസ്തു നികുതി പിരിവിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളെക്കുറിച്ചറിയുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി മേൽ ഫാമുകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും നിയമാനുസൃതമുള്ള അടിസ്ഥാന സൗകര്യങ്ങളോടെയാണ് ഫാമുകൾ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-12-4 റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം തൊഴിൽ നികുതിയും 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ലൈസൻസ് ഫീസും, മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (26/20.12.19) റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. റേഷൻ കടകളെ 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3 ഇനം 149പ്രകാരവും കള്ളുഷാപ്പുകളെ ഇനം 139പ്രകാരവും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. തൊഴിൽനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഇത്തരം സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിനാൽ ചട്ടലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടവും സംഭവിക്കുന്നു. നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതും ലൈസൻസോടെ മാത്രം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഈ വിഷയത്തിലേയ്ക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12-5 സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം-3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല.

എ) മുണ്ടക്കയം പഞ്ചായത്ത് പരിധിയിലുള്ള രേഷ്മ ക്ലിനിക്കൽ ലാബോറട്ടറി എന്ന സ്ഥാപനം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

ബി) പീപ്പിൾ ഹോസ്പിറ്റൽ എന്ന സ്ഥാപനം രജിസ്റ്റർ ചെയ്യാതെയും ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെയും പ്രവർത്തിക്കുന്നതായി കാണുന്നു.

സി) താഴെപ്പറയുന്ന സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടില്ലാത്തതായി കാണുന്നു.

1. ജീവക ഹോമിയോപ്പൊതിക് മെഡിക്കൽ സെന്റർ
2. ടോട്ടൽ സ്കാനിംഗ് സെന്റർ
3. മോഡൺ ഹോമിയോപ്പൊതിക് സെന്റർ
4. ഹൈ ഡെന്റ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്
5. പ്രൊവിഡൻസ് ഡെന്റൽ കെയർ

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/20.12.19) അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പാരാമെഡിക്കൽ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ചട്ടലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്നവയുമാണ്. മേൽ ചട്ടലംഘനങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-13-1 വാടക ഈടാക്കിയതിൽ കുറവ്

പഞ്ചായത്ത് വക മൂന്നാം നമ്പർ ഷോപ്പിംഗ് കോംപ്ലക്സിലെ 21-ാം നമ്പർ മുറി 2018-19 വർഷം ശ്രീ.നജീബ്. എം.എ, മൂലംകുന്ന്പുതുപറമ്പിൽ എന്നയാൾ പ്രതിമാസം 15476/രൂപ വാടകയ്ക്ക് ലേലം കൊണ്ടിരുന്നു. 2018-19 ൽ വാടക ഇനത്തിൽ 29.03.2019 ലെ 118020110723 നമ്പർ രസീത് പ്രകാരം 239922/രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ തുക ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു. ഈടാക്കേണ്ട വാടക താഴെപറയുന്ന പ്രകാരമാണ് കണക്കാക്കിയിട്ടുള്ളത്.

| മാസ വാടക | CGST | SGST | S.TaX | ആകെ | 12മാസത്തെ വാടക |
|---|---|---|---|---|---|
| 15476 രൂപ | 1393രൂപ | 1393രൂപ | 1488രൂപ | 19750രൂപ | 237000രൂപ |

(ജി എസ് ടി യ്ക്ക് പുറമെ മുമ്പ് നിലവിലുണ്ടായിരുന്ന നിരക്കിൽ സേവനനികുതി കൂടി ഉൾപ്പെടുത്തിയ സാഹചര്യം വ്യക്തമല്ല)

04/18 മുതൽ 3/2019 വരെയുള്ള 12 മാസത്തെ വാടക ഒടുക്കിയത് 29.03.2019-ലാണ്. വാടകയുടെ കുടിശികയ്ക്ക് പിഴയായി 24143/ രൂപ (പ്രതിമാസം 2% നിരക്കിൽ) ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് അധികൃതർ കണക്കാക്കിയത് പ്രകാരം 261143 രൂപ ( 237000+ 24143) ഈടാക്കേണ്ടിയിരുന്നു. എന്നാൽ കുത്തകക്കാരനിൽ നിന്നും ആകെ വാങ്ങിയിട്ടുള്ളത് 239922/രൂപ മാത്രമാണ്. വാടകയുടെ കുടിശിക ഇല്ലാ എന്നാണ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം വ്യക്തമാകുന്നത്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 28/20.12.19) ലഭ്യമാക്കിയ മറുപടിയിൽ വാടക ഇനത്തിൽ കുറവ് വന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വാടക ഈടാക്കിയതിൽ കുറവ് വന്ന തുക വാടകക്കാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-13-2 വാടക

എ) 2018-19 ലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ 31.03.2019ൽ 289109/രൂപ കുടിശിക ഉണ്ട് എന്ന് കാണുന്നു. കുടിശിക തുകയിൽ 13840 രൂപ മുൻവർഷ കുടിശികയും, 275269/രൂപ തൻവർഷ കുടിശികയുമാണ്. എന്നാൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ നിന്നും ഏതൊക്കെ വാടകക്കാർക്ക് എത്ര രൂപ കുടിശിക ഉണ്ടെന്ന് വ്യക്തമാകുന്നില്ല. വാടക സംബന്ധിച്ച് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. 31.03.2019ൽ കുടിശികയിനത്തിൽ ലഭിക്കാനുണ്ടായിരുന്ന 289109/രൂപ പിന്നീട് പിരിച്ചെടുത്തിട്ടുണ്ട് എങ്കിൽ ആയതിന്റെ വിശദാംശങ്ങളും, കുടിശിക ഡിമാന്റ് രജിസ്റ്ററും ഓഡിറ്റിൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/20.12.19 ന് ലഭ്യമാക്കിയ മറുപടിയിൽ കുടിശിക തുക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നു വാടക കുടിശിക വരുത്തിയിട്ടുള്ളവർക്കും തുടർ വർഷങ്ങളിൽ മുറി വാടകയ്ക്ക് നൽകുന്നു എന്ന് വ്യക്തമാകുന്നു. വാടക കുടിശിക വരുത്തിയിട്ടുള്ള വാടകക്കാർക്ക് കുടിശിക ഒടുക്കാത വാടക കരാർ പുതുക്കി നൽകുന്നത് ക്രമപ്രകാരമല്ല. വാടക രജിസ്റ്റർ പ്രകാരമുള്ള കുടിശികതുകയുടെ കൃത്യത പരിശോധിക്കുന്നിന് വാടകരജിസ്റ്ററിലെ അപാകതയും, കുടിശിക ഡിമാന്റ് രജിസ്റ്റർ എഴുതിയിട്ടില്ലാത്തതിനാലും സാധിച്ചിട്ടില്ല. 2018-19 വർഷം 109 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ലൈസൻസ് സബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ 34സ്ഥാപനങ്ങളുടെ അപേക്ഷകൾ മാത്രമാണ് ഉള്ളത്. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പോലും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതിനും, യഥാർത്ഥ കുത്തകക്കാരന്റെ പേരിലല്ലാതെ സ്ഥാപനം ലൈസൻസ് നേടുന്നതിനും കഴിയുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഇത് സംബന്ധമായി കൂടുതൽ അന്വേഷണം നടത്തേണ്ടതും ഇത്തരം സാഹചര്യം കർശനമായി ഒഴിവാക്കേണ്ടതുമാണ്.

ബി) നാലാം നമ്പർ ഷോപ്പിഗ് കോംപ്ലക്സിലെ 1 മുതൽ 19 വരെ മുറികളുടെ വാടക നിർണ്ണയം സബന്ധിച്ച്

പഞ്ചായത്ത് ഭരണസമിതിയുടെ 04.02.19 ലെ 9(2) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഉടമസ്ഥതിലുള്ള നാലാം നമ്പർ ഷോപ്പിഗ് കോംപ്ലക്സിലെ 1 മുതൽ 19 വരെ മുറികളുടെ വാടക നിർണ്ണയിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ നിന്നു വാടക നിർണ്ണയിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിലാണോ ഭരണസമിതി വാടക നിശ്ചയിച്ചത് എന്ന് വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 35/21.2.9 ന് മറുപടി ലഭ്യമാക്കിയില്ല. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ നിന്നും നിർണ്ണയിച്ചതരുന്ന തുക അടിസ്ഥാനമാക്കിയാണ് ഷോപ്പിഗ് കോംപ്ലക്സിലെ മുറികളുടെ വാടക നിർണ്ണയിക്കേണ്ടത്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14-1 ബസ് സ്റ്റാന്റ് ലേലം- അപാകതകൾ

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ബസ്സ്റ്റാന്റിൽ ബസുകളിൽ നിന്നും ഫീസ് പിരിക്കുന്നതിനും ബസുകളുടെ സമയവിവരം അനൗൺസ് ചെയ്ത് ആയതിനുള്ള ഫീസ് പിരിക്കുന്നതിനുമുള്ള അവകാശം ഓരോ വർഷവും ലേലം നടത്തിയാണ് നൽകിവരുന്നത്. ഇതുപ്രകാരം 2018-19 സാമ്പത്തിക വർഷത്തേക്കുള്ള ഫീസ് പിരിക്കുന്നതിനുള്ള അവകാശം 28.03.18 ൽ പഞ്ചായത്ത് ഓഫീസിൽ വച്ച് നടത്തിയ ലേലത്തിൽ ശ്രീ.ജയകൃഷ്ണൻനായർ.കെ.എസ് എന്നയാൾക്ക് 4,53,000 രൂപയ്ക്ക് ഉറപ്പിക്കുകയും, ലേല നടപടി 31.03.18-ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1V-(2) നമ്പർ

തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

ഒരു സാമ്പത്തിക വർഷം ബസ്സുകളിൽ നിന്നുള്ള ഫീസ്, അനൗൺസ്മെന്റ് ഫീസ് എന്നീ ഇനങ്ങളിൽ യഥാർത്ഥത്തിലുള്ള വരുമാനം തിട്ടപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിലല്ല ലേല നടപടികൾ നടത്തുന്നത്. യഥാർത്ഥ വസ്തുതകൾ പരിശോധിച്ച് വസ്തുതാറിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ബസ്റ്റാന്റിൽ ഒരു ദിവസം പ്രവേശിക്കുന്ന ബസ്സുകളുടെ ശരാശരി എണ്ണം തിട്ടപ്പെടുത്താവുന്നതാകയാൽ കരാറുകാരന് പ്രതിവർഷം ലഭിക്കുന്ന ഏകദേശ അറ്റാദായം (സാധാരണ ഗതിയിലുള്ള തടസ്സങ്ങൾ, ഹർത്താലുകൾ പണിമുടക്കുകൾ ലാഭവിഹിതം എന്നിവ കിഴിച്ചത്) നിർണ്ണയിച്ചിട്ടില്ല. ഇപ്രകാരമുള്ള കണക്കാക്കലിന്റെ അടിസ്ഥാനത്തിലല്ല ലേലം നടത്തുന്നത്.

മേൽ പ്രസ്താവിച്ച വിഷയങ്ങൾക്കുള്ള വിശദീകരണം അടിയന്തിരമായി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 30/18-19 ന് ലഭ്യമാക്കിയ മറുപടിയിൽ ബസ്റ്റാന്റിൽ പ്രവേശിക്കുന്ന ബസുകളുടെ എണ്ണത്തിൽ ഓരോ വർഷവും കുറവ് വരുന്ന സാഹചര്യത്തിൽ ലേലതുകയിൽ കുറവുണ്ടാകാതിരിക്കുന്നിനാണ് ബസുകളുടെ എണ്ണം നിർണ്ണയിച്ച് ലേലതുക നിശ്ചയിക്കാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഇത് അഗീകരിക്കാവുന്നതല്ല. യഥാർത്ഥത്തിലുള്ള വരുമാനമാണ് പഞ്ചായത്തിന് ലഭിക്കേണ്ടത്. ബസ്റ്റാന്റിൽ ഒരു ദിവസം പ്രവേശിക്കുന്ന ബസുകളുടെ ശരാശരി എണ്ണം തിട്ടപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ അടസ്ഥാനത്തിൽ അടിസ്ഥാന ലേലതുക നിശ്ചയിച്ച് തുടർ വർഷങ്ങളിൽ ലേല നടപടികൾ നടത്തേണ്ടതാണ്.

## 1-14-2 ലേലം നടത്തേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല

2018-19 സമ്പത്തിക വർഷം വൗച്ചറുകൾ പ്രകാരം നടത്തിയിട്ടുള്ള ചെലവുകൾ സംബന്ധിച്ച പരിശോധനയിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ തയതി | ചെലവ് തുക | ചെലവ് ഇനം | റിമാർക്സ് |
|---|---|---|---|---|
| 1 | 21800633/12.10.18 | 5000 | പഞ്ചായത്ത് വക ഭൂമിയിൽ വീടിന് മുകളിലേക്ക് അപകടകരമായി നിന്ന മരങ്ങൾ വെട്ടിമാറ്റിയതിന്റെ ചെലവ് | മൂല്യനിർണയ സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ വെട്ടിമാറ്റിയ മരത്തിന്റെ ലേലം നടത്തിയിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത് |
| 2 | 21801327/7.3.9 | 1180 | പൈങ്ങണയിലുള്ള പഞ്ചായത്ത് വക സ്ഥലത്തെ റബർ മരങ്ങളുടെ മൂല്യനിർണയം നടത്തുന്നതിന് റബർബോർഡ് റീജിയണൽ | റബർബോർഡ് റീജിയണൽ ഓഫീസിൽ നിന്നും മൂല്യനിർണയ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല എന്നാണ് |

| | | | | |
|---|---|---|---|---|
| | | | ഓഫീസിൽ ഒടുക്കിയ തുക | അറിയിച്ചിട്ടുള്ളത് |
| 3 | 21801343/12.3.19 | 3680 | സ്രാമ്പി കുഴൽ കിണർ നിർമ്മാണം ഭൂജലപര്യവേഷണത്തിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റിൽ ഒടുക്കിയ തുക | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റിൽ നിന്നും സർവ്വേറിപ്പോർട്ട് ലഭ്യമായില്ല |

അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, മൂല്യനിർണയ സർട്ടിഫിക്കറ്റുകൾ ലഭ്യമാകാത്ത കേസുകളിൽ വെട്ടിയിട്ട മരങ്ങൾ നശിച്ച പോകാതിരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-14-3 കമ്മിറ്റി തീരുമാനങ്ങളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല

2018-19 സാമ്പത്തിക വർഷത്തെ ഭരണസമിതിയുടെ വിവിധ കമ്മറ്റികൾ എടുത്തിട്ടുള്ള താഴെ പറയുന്ന തീരുമാനങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | കമ്മറ്റി തീരുമാനം നമ്പർ, തീയതി | തീരുമാനം | ലഭ്യമാക്കേണ്ട വിവരങ്ങൾ |
|---|---|---|---|
| 1 | 12(6)/ 21.04.18 | മുരിക്കുവയൽ ഫാമിലി വെൽഫയർ കെട്ടിടത്തിന്റെ മുകളിലേക്ക് ചാഞ്ഞുകിടക്കുന്ന പ്ലാവ് മരം മുറിക്കുന്നതിനും ടി മരത്തിന്റെ വാല്യുവേഷൻ എടുക്കുന്നതിനും തീരുമാനിച്ചു. | മുറിച്ചുമാറ്റിയ പ്ലാവ് മരത്തിന്റെ വാല്യുവേഷൻ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെങ്കിലും തടി ലേലത്തിൽ പോയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. തടി വെട്ടിയിട്ടിരിക്കുന്നതിനാൽ നശിച്ചുപോകാൻ സാദ്ധ്യതയുണ്ട്. അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 2 | 2(3)/31.05.18 | പുനരുദ്ധാരണം നടത്തിയ കരിനിലം പഴയകൊരട്ടി കപ്പിലാംമൂട് വെട്ടുകല്ലാംകുഴി അങ്കണവാടികളിലെ പഴയ വസ്തു വകകൾ ലേലം ചെയ്യുന്നതിന് വാല്യുവേഷൻ എടുക്കുന്നതിന് അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | വാല്യുവേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ലേലം നടത്തിയിട്ടില്ല എന്നാണ് അറിയിച്ചത്. പൊളിച്ചുമാറ്റിയ കെട്ടിട സാധനങ്ങളായതിനാൽ നശിച്ചുപോകാൻ സാദ്ധ്യതയുണ്ട്. അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| 3 | 2(2)/7.7.18 | വാർഡ് 18ൽ ഇഞ്ചിയാനി അംഗനവാടി പൊളിച്ചുമാറ്റിയ ജനൽ, കതക്, ഓട് എന്നിവ ലേലം ചെയ്യുന്നതിന് വാല്യുവേഷൻ എടുക്കുന്നതിന് അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | “” |
| 4 | 7 (1)/7.7.18 | പൈങ്ങന ബസ്റ്റാന്റിലുള്ളതും സോഷ്യൽ ഫോറസ്ട്രിയുടെ വാല്യുവേഷൻ റിപ്പോർട്ട് ലഭ്യമാകാത്ത വട്ട 10, റബർ 10, വഷണ 1 എന്നിവയുടെ വാല്യുവേഷൻ എടുക്കുന്നതിന് കൃഷി ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | കൃഷി ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. തടിയുടെ വാല്യുവേഷൻ എടുക്കുന്നതിന് കൃഷി ഓഫീസർക്കുള്ള സാങ്കേതിക പരിജ്ഞാനം വ്യക്തമാക്കപ്പെട്ടില്ല |
| 5 | 2(1)/ 12.11.18 | വാർഡ് 3 ൽ പൈങ്ങന ബസ്റ്റാന്റ് പണിയുന്നതിന് തടസ്സമായി നിൽക്കുന്ന ആഞ്ഞിലി4, വട്ട 10, പ്ലാവ് 4 റബർ10 വട്ട1 എന്നിവയുടെ വാല്യുവേഷൻ എസ്8-2/1435/18 പ്രകാരം ലഭ്യമായതിനാൽ ലേലം നടത്തുവാൻ തീരുമാനിച്ചു. | ലേലത്തിൽ പോയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. |
| 6 | 4(2)/ 22.12.18 | 2-ാം വാർഡിൽ കല്ലേപാലത്തിന് സമീപം മുറിച്ചിട്ടിരിക്കുന്ന 2 ആഞ്ഞിലിമരങ്ങൾ10 കഷണങ്ങളായി മുറിച്ചിട്ടിരിക്കുന്ന തടികളിൽ 5 കഷണം ഒഴുകി പോയി. ബാക്കിയുള്ളവ 125000/- രൂപയ്ക്ക് ലേലം നടത്തുന്നതിന് തീരുമാനിച്ചു | തടി പ്രളയത്തിൽ ഒഴുകിപ്പോയി എന്നാണ് അറിയിച്ചിട്ടുള്ളത്. |
| 7 | 6(3)/ 7/1.19 | വാർഡ് 12 ൽ എൽ. പി.സ്കൂളിന്റെ പഴയ കെട്ടിട ഭാഗത്തിന്റെ 7404 രൂപയുടെ വാല്യുവേഷൻ | ലേലത്തിൽ പോയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | അംഗീകരിച്ച | |
| 8 | 18(1)/ 4.2.19 | ബസ്റ്റാന്റിലെ പഴയ പമ്പ് ഹൗസ് പൊളിച്ചുമാറ്റിയപ്പോൾ കിട്ടിയ കമ്പി, കല്ല് എന്നിവയുടെ വാല്യുവേഷൻ എടുക്കുന്നതിന് അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | വാല്യുവേഷൻ റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. |
| 9 | 4(1)7.3.19 | വാർഡ് 6ലെ പഴയ അങ്കണവാടി കെട്ടിടം ലേലം ചെയ്യുന്നതിന് തീരുമാനിച്ചു | വാല്യുവേഷൻ റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. |

ലേല നടപടികൾ സ്വീകരിച്ച് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കുട്ടേണ്ടതായ വിഷയങ്ങളിൽ തുടർ നടപടികൾ കൃത്യമായി സ്വീകരിക്കുന്നില്ല എന്ന് കാണുന്നു. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഇത്തരം വിഷയങ്ങളിൽ കൃത്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്. ക്രമ നമ്പർ 6 പ്രകാരം പരാമർശിച്ചിട്ടുള്ള കല്ലേപാലത്തിന് സീമീപം മുറിച്ചിട്ടിരുന്ന ആഞ്ഞിലിമരത്തിന്റെ മൂല്യനിർണ്ണയ പ്രകാരം മരത്തിന് 2,00,000 രൂപ മൂല്യം നിർണ്ണയിച്ചിരുന്നതാണ്. ആറ്റുപുറമ്പോക്കിൽ നിന്നിരുന്ന ആഞ്ഞിലിമരം മറിഞ്ഞുവീണ മരം മുറിച്ചപ്പോൾ തന്നെ പ്രസ്തുത തടികൾ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റേണ്ടിയിരുന്നു. പ്രളയത്തിൽ 5 കഷണങ്ങളാണ് ഒഴുകിപ്പോയിട്ടുള്ളത്. അവശേഷിക്കുന്ന തടികൾ ഇപ്പോഴും നദീതീരത്തുതന്നെ ഇട്ടിരിക്കുകയാണ്. തടി നശിച്ചുപോകാതെ ലേലം നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വിവിധ ഗ്രാന്റ് തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലഴിക്കാതെ തനത് ഫണ്ടിലും ഇവയ്ക്കായുള്ള പ്രത്യേക ബാങ്ക് അക്കണ്ടുകളിലും സൂക്ഷിക്കുന്നുണ്ട്. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| 1 | 320200322 | ശുചിത്വ മിഷൻ ഗ്രാന്റ് | 11,19,356 |
| 2 | 320200399 | പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റ് (ശബരിമല ഗ്രാന്റ്) | 681151 |
| 3 | 320100126 | പൈക്ക | 140976 |
| 4 | 320700204 | പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റ് (റവന്യൂ ചെലവുകൾക്കുള്ളത്)- ബ്ലോക്ക് പഞ്ചായത്ത് | 3057989 |

| | | | |
|---|---|---|---|
| 5 | 320700205 | പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റ് (റവന്യൂ ചെലവുകൾക്കുള്ളത്)- ജില്ലാ പഞ്ചായത്ത് | 19685 |
| 6 | 320700105 | മറ്റ് പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ട് (ക്യാപ്പിറ്റൽ ചെലവുകൾക്കുള്ളത്)- ജില്ലാ പഞ്ചായത്ത് | 3000000 |
| 7 | 320100119 | പശ്ചിമഘട്ട വികസനപദ്ധതി | 91111 |
| 8 | 320200305 | പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റ്-ODF | 1951024 |
| 9 | 320700104 | മറ്റ് പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ട (ക്യാപ്പിറ്റൽ ചെലവുകൾക്കുള്ളത്)- ബ്ലോക്ക് പഞ്ചായത്ത് | 170985 |

മേൽ തുകകൾ ചെലവഴിക്കാതിരുന്നതിന്റെ കാരണം രേഖാമൂലം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം1) മറുപടിയായി ശുചിത്വമിഷനിൽ നിന്നും ബയോഗ്യാസ് പ്ലാന്റ് പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമായ 17000/- രൂപ, പൈക്ക ഫണ്ട് 140976/- രൂപ, പശ്ചിമഘട്ട വികസനപദ്ധതിയ്ക്കായി ലഭിച്ച 91111/- രൂപ എന്നിവ നിർവ്വഹണകാലാവധി കഴിഞ്ഞതിനാൽ അതാത് ഏജൻസികൾക്ക് തിരികെ അടയ്ക്കുവാൻ തീരുമാനമെടുത്തതായി അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള തുകകൾ 2019-20 വർഷം വിവിധപദ്ധതികൾക്കായി വകയിരുത്തി നടപ്പിലാക്കി വരുന്നതായും അറിയിച്ചിട്ടുണ്ട്. പ്രത്യേക ഉദ്ദേശത്തോടെ ലഭ്യമാകുന്ന തുകകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് ഊർജ്ജിത ശ്രമങ്ങളുണ്ടാകേണ്ടതുണ്ട്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ സജീവശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 വിമുക്തി ഇനത്തിൽ ലഭിച്ച തുകയുടെ വിനിയോഗം സബന്ധിച്ച്

കാഞ്ഞിരപ്പള്ളി എക്സൈസ് റേഞ്ച് ഇൻസ്പെക്ടറുടെ എം 23(A)-1-14/2018 തീയതി 10.01.2019 പ്രകാരം 2018-19 സാമ്പത്തിക വർഷം വിമുക്തി ഇനത്തിൽ ലഭിച്ച 25000/രൂപയുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെലവ് തുക | ചെലവ് ഇനം | ചെക്ക് നമ്പർ, തീയതി |
|---|---|---|---|
| 1 | 3000 | ക്വിസ് മൽസരം | 20.02.19 തീയതിയിലെ 341429 മുതൽ 341434 വരെയുള്ള ചെക്കുകൾ |
| 2 | 10000 | ബാഡ്മിന്റൻ മൽസരം | 34435/ 20.02.19 |
| 3 | 12000 | പഞ്ചായത്തിലെ മൂന്ന് എൽ. പി. സ്കൂളുകൾക്ക് പി.വി.സി. വാട്ടർടാങ്ക് വാങ്ങി നൽകിയത് | 341770/27.03.19 |

കേരള സംസ്ഥാന എക്സൈസ് കമ്മീഷണറുടെ Exc/3474/2018APCL നമ്പരായി പുറപ്പെടുവിച്ച

2018-19 സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന ബോധവത്കരണ പരിപാടികൾക്ക് അനുവദിക്കുന്ന വിമുക്തി ഫണ്ട് കാര്യക്ഷമമായി വിനിയാഗിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പ്രകാരം ഓരോ പഞ്ചായത്തിനും അനുവദിക്കുന്ന ഫണ്ട് വാർഡുകളിൽ തുല്യമായി വീതിച്ച് എല്ലാ വാർഡുകളിലും ഐ.സി.ഡി.എസ്, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വാർഡ് മെമ്പർമാർ എന്നിവരെ ഉൾപ്പെടുത്തി കമ്മറ്റി രൂപീകരിച്ച് ബോധവത്കരണ പരിപാടികൾ നടത്തുന്നതിനും ആയതിന് മേൽനോട്ടം വഹിക്കുവാൻ റേഞ്ച് സർക്കിൾ തല എക്സൈസ് ഉദ്യോഗസ്ഥർക്ക് നൽകുകയും വേണം. ലഹരി വസ്തുക്കൾ ഉപയാഗിച്ചാൽ ഉണ്ടാകുന്ന ദൂഷ്യവശങ്ങളും അവയുടെ കുറ്റങ്ങൾക്കുള്ള ശിക്ഷയെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ ബോർഡുകൾ പഞ്ചായത്തിലെ ജനവാസകേന്ദ്രങ്ങളിലും വിദ്യാഭ്യാസ കേന്ദ്രങ്ങളിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുക. എക്സൈസ് ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ ലഹരി ഉപയോഗത്തിനെതിരായുള്ള ബോധവത്കരണ ക്ലാസുകൾ സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കുക, ഇവയോടനുബന്ധിച്ച് കലാ കായിക മൽസരങ്ങൾ എന്നിവ സഘടിപ്പിക്കാവുന്നതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ബോധവത്കരണ ക്ലാസുകളോ, സെമിനാറുകളോ സംഘടിപ്പിക്കാതെയാണ് ക്വിസ് മൽസരം ബാഡ്മിന്റൻ മൽസരം എന്നിവ നടത്തിയിട്ടുള്ളത്. ബാഡ്മിന്റൻ മൽസരം നടത്തിയതിന്റെ ചെലവ് സബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. വിമുക്തി ഫണ്ട് ചെലവഴിക്കുന്നതിനുള്ള മാർഗനിർദ്ദേശപ്രകാരം അനുവദനീയമായ ഇനമല്ല പി.വി.സി. വാട്ടർടാങ്ക് വാങ്ങി നൽകൽ. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 30/20.12.19ന് മറുപടി ലഭ്യമാക്കിയില്ല. പി.വി.സി. വാട്ടർടാങ്ക് വാങ്ങി നൽകിയ ഇനത്തിൽ ചെലവഴിച്ച 12000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-17 മാലിന്യസംസ്കരണം -ശാസ്ത്രീയസംവിധാനങ്ങളില്ല-ജലസ്രോതസ്സുകളിലെ മലിനീകരണം അതിരൂക്ഷം

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 219 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ശേഖരണം, സംസ്കരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതാണ്. മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടതാണ്. എന്നാൽ മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ നിലവിൽ ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനങ്ങളില്ല. ടൗൺ മാലിന്യങ്ങൾ 1999 മുതൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള വെട്ടുകല്ലാംകുഴി ഡമ്പിങ്ങ് യാർഡിൽ നിക്ഷേപിച്ചുവരവെ പ്രളയത്തെത്തുടർന്ന് ഡമ്പിങ്ങ് യാർഡ് ഉരുൾപൊട്ടലിൽ ഒഴുകി പോവുകയും മാലിന്യനീക്കം നിലയ്ക്കുകയും ചെയ്തിരുന്നു. ഈ രീതിയിലുള്ള അശാസ്ത്രീയമായ മാലിന്യനിർമ്മാർജ്ജന സംവിധാനവും നിരവധി പരിസ്ഥിതി പ്രശ്നങ്ങൾക്ക് വഴിതെളിക്കുന്നവയുമാണ്

2018-19 വാർഷിക പദ്ധതിയിൽപ്പെടുത്തി വികസനഫണ്ട് 20 ലക്ഷം രൂപയും ജില്ലാപഞ്ചായത്ത് വിഹിതം 30ലക്ഷം രൂപയും വകയിരുത്തി നടപ്പാക്കാൻ ലക്ഷ്യമിട്ടതാണ് തുമ്പൂർമുഴി മോഡൽ എയറോബിക് മാലിന്യസംസ്കരണ പ്ലാന്റ്. 77ബിന്നുകൾ മാർക്കറ്റ്, ഡമ്പിങ്ങ് യാർഡ്, ബസ്സ്റ്റാൻഡ് എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നു. പഞ്ചായത്ത് കമ്മറ്റിയുടെ 13-9-18ലെ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻഡിൽ സ്കൂൾ കോമ്പൗണ്ടിൽ നിന്നും 25മീറ്റർ മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചു. എന്നാൽ ബസ്സ്റ്റാന്റിന് സമീപമുള്ള സിഎംഎസ് ഹൈസ്കൂൾ

മാനേജ്മെന്റ് പരാതിനൽകുകയും അതിനെതുടർന്ന് ഹൈക്കോടതിയിൽ കേസ് നൽകുകയും ചെയ്തതിനെ തുടർന്ന് പ്ലാറ്റ് ഫോം പണികൾ നിർത്തിവയ്ക്കുകയുമുണ്ടായി. ഉരുൾപൊട്ടൽ ഭീഷണിയുള്ളതിനാൽ ഡമ്പിങ്ങ് യാർഡിൽ നിർമ്മാണം നടത്തുക അസാദ്ധ്യമായിത്തീർന്ന സാഹചര്യമാണ്. മാർക്കറ്റിൽ തുമ്പൂർമൂഴി പ്ലാന്റ് സ്ഥാപിക്കാനുള്ള നീക്കം ഗ്രാമപഞ്ചായത്ത് നിർത്തിവയ്ക്കുവാനുണ്ടായ സാഹചര്യം വ്യക്തമല്ല.



*മാലിന്യങ്ങൾ പഞ്ചായത്ത് പരിസരത്ത് ചാക്കിൽകെട്ടി സൂക്ഷിച്ചിരിക്കുന്നു.*

പഞ്ചായത്തിന്റെ അനിവാര്യചുമതലയിൽപ്പെടുന്ന മാലിന്യനീക്കം ചെയ്യലിനായി നിലവിൽ യാതൊരു സംവിധാനവുമില്ല. മാലിന്യനീക്കം നടത്തുന്നതിനായി ഉപയോഗിച്ച് വന്നിരുന്ന ടിപ്പർ ലോറി നിലവിൽ പ്രവർത്തനങ്ങളില്ലാതെ സൂക്ഷിക്കുന്നതായി കണ്ടെത്തി. ടൗൺ മാലിന്യങ്ങൾ നീക്കം ചെയ്ത് ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന്റെ വശങ്ങളിൽ ചാക്കിൽകെട്ടി സൂക്ഷിക്കുന്നതായി കാണുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമ്മസേനയെ നിയോഗിച്ച് ശേഖരിച്ച് ബ്ലോക്ക് പഞ്ചായത്തിലുള്ള പ്ലാസ്റ്റിക് ഷ്രെഡിങ്ങ് യൂണിറ്റിൽ എത്തിച്ച് സംസ്കരണത്തിലുള്ള സംവിധാനങ്ങൾ ഒരുക്കിയിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി ഒഴുകുന്ന മണിമലയാറും അതിന്റെ കൈവഴികളും ചെറുതോടുകളും മാലിന്യവാഹിനികളായി തുടരുന്ന അവസ്ഥയാണ് സ്ഥലപരിശോധനയിൽ കാണാൻ സാധിച്ചത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 219എസ്(1,2) എന്നിവ പ്രകാരം ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നത് ജാമ്യമില്ലാത്ത കുറ്റമാകുന്നതും 25000/-രൂപ വരെ പിഴയും ഒരുവർഷം വരെ തടവും കിട്ടാവുന്ന കുറ്റകൃത്യമാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത വിഷയത്തിൽ പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തി നിയമത്തിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ നടപ്പാക്കുന്നതിനും അതുവഴി മുണ്ടക്കയം ടൗണിലെ മാലിന്യപ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം നേടുന്നതിനും നടപടിയുണ്ടാകേണ്ടതുണ്ട്.



നഗരസ്വഭാവമുള്ള ജനസാന്ദ്രതയേറിയ മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ 2016ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ എന്നിവയനുസരിച്ചുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിയിരുന്നില്ലായെന്നത് സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ

അലംഭാവമാണ് കാണിക്കുന്നത്. നിലവിൽ മാലിന്യസംസ്കരണം യഥാവിധിയല്ല നടന്നുവരുന്നത് എന്ന് വ്യക്തമാകുന്നു. മാലിന്യസംസ്കരണത്തിൽ വീഴ്ചകളുണ്ടാവുന്ന പക്ഷം ദേശീയ/സംസ്ഥാന ഹരിത ട്രൈബ്യൂണലിൽ നിന്നും ശിക്ഷാനടപടികൾ ഉണ്ടാകാനുള്ള സാദ്ധ്യതകളും നിലനിൽക്കുന്നു. പ്രസ്തുത വിഷയത്തിൽ ദീർഘദർശവീക്ഷണത്തോടെയുള്ള പരിഹാരനടപടികൾ ഉണ്ടാകേണ്ടതിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 മഹിളാസമാജത്തിന്റെ ഉടമസ്ഥതയിലുള്ള ആശുപത്രി കെട്ടിടത്തിൽ പുനരുദ്ധാരണപ്രവർത്തനങ്ങൾ- സർക്കാർ അനുമതി ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനമായ ആയുർവ്വേദ ആശുപത്രി 2013 മുതൽ പ്രവർത്തിച്ച് വരുന്നത് റവന്യൂഭൂമിയിലുള്ള മഹിളാസമാജത്തിന്റെ ഉടമസ്ഥതയിലുള്ള 12/408-ാംനം കെട്ടിടത്തിലാണ്. നൂറുകണക്കിന് രോഗികൾ പ്രതിദിനം വന്നുപോകുന്ന പ്രസ്തുത കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഗണിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി പ്രോജക്ട് നം. 431/19 ആയുർവ്വേദ ആശുപത്രി പുനരുദ്ധാരണം എന്ന പ്രോജക്ട് തയ്യാറാക്കി 4,50,000/-രൂപ തനത് ഫണ്ട് വകയിരുത്തുകയും റൂഫിങ്ങ്, സെറാമിക് ടൈൽ ഫ്ലോറിങ്ങ്, പെയിന്റിങ്ങ്, ടോയ് ലററ് നിർമ്മാണം എന്നിവ പൂർത്തിയാക്കി 4,50,000/-രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയ ആസ്തിയോ ഗ്രാമപഞ്ചായത്തിന്റെ തനത് ആസ്തിയോ അല്ലാത്ത കെട്ടിടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 18/20-12-18) മറുപടിയായി അടിയന്തിരസാഹചര്യത്തിലാണ് കെട്ടിടപുനരുദ്ധാരണപ്രവർത്തനങ്ങൾ നടത്തിയതെന്നും ടി ഭൂമി വിട്ടുകിട്ടുന്നതിന് റവന്യൂമന്ത്രിയ്ക്കും കളക്ടർക്കും 1-6-2018ൽ അപേക്ഷ നൽകുകയും ആയതിന്റെ തുടർ നടപടികൾ നടന്നുവരുന്നതായും അറിയിച്ചിരുന്നു. ടി ഭൂമിയിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ അനുമതി ആവശ്യമുണ്ട്. പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ ഗ്രാമപഞ്ചായത്ത് ഭരണസമിതി നിരീക്ഷിക്കേണ്ടതും സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളുണ്ടാകേണ്ടതുമുണ്ട്.

## 1-19 മുറികല്ലുപുറം എസ് സി കോളനിയിൽ വനിത കൗൺസിലിങ്ങ് ഹാൾ നിർമ്മാണം -ടെൻഡർ വ്യതിയാനംകറവ് ചെയ്തില്ല-കെട്ടിടം പൂർത്തീകരിക്കുവാൻ പ്രവൃത്തികൾ അവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം | 328/19 |
| അടങ്കൽ | 5,00,000/-(SCP ഫണ്ട്) |
| ചെലവ് | 4,96,124/- |
| കരാറുകാരൻ | സാജു തോമസ് |
| കരാർ നം | 112/AE/LSGD/MGP/2017-18 തീയതി6-3-18 |
| എം ബുക്ക് നം | 52/18-19 |
| ബിൽ നം | 60/18-19തീയതി 22-12-18 |

1) പ്രസ്തുത പ്രോജക്ടിന് ടെൻഡർ, റീ-ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും ആരും

തന്നെ പങ്കെടുത്തിരുന്നില്ല. തൻമൂലം ക്വട്ടേഷൻ ക്ഷണിച്ചതിൽ സാജു തോമസ് എന്ന കരാറുകാരൻ സമർപ്പിച്ച 4,65,124/- രൂപയുടെ ക്വട്ടേഷൻ (6.8% below) അംഗീകരിക്കുകയുണ്ടായി. ടിയാൾ നിർവ്വഹണോദ്യോഗസ്ഥനുമായി കരാറിലേർപ്പെടുകയും ചെയ്തിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി ബിൽ തയ്യാറാക്കിയതിൽ ടെൻഡർ വ്യതിയാനം കുറവ് വരുത്തിയിരുന്നില്ല. കരാറുകാരന് നൽകാവുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ വേലമൂല്യം | 4,96,124 |
| ടെൻഡർ വ്യതിയാനംകുറവ് ചെയ്യേണ്ടത് 6.8% below | (-)33736 |
| അധികം നൽകിയ തുക | 33736/- |

പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം17/20-12-19) മറുപടിയായി അധികം നൽകിയ തുകയായ 33736/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് തിരികെ അടയ്ക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. കരാറുകാരനിൽ നിന്നും ഈടാക്കി അടയ്ക്കാത്തപക്ഷം ബിൽ തയ്യാറാക്കിയ നിർവ്വഹണോദ്യോഗസ്ഥൻ അസി.എഞ്ചിനീയർ ശ്രീ. ലിയോ.എം.ജോസിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

2) പ്രസ്തുത നിർമ്മാണപ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിരുന്നില്ല. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 22-12-2018 ലെ 5(3)നം തീരുമാനപ്രകാരം കൗൺസിലിങ്ങ് ഹാളിലേക്ക് ഇലക്ട്രിഫിക്കേഷനുള്ള എസ്റ്റിമേറ്റ് എടുക്കുന്നതിന് തീരുമാനിച്ചിരുന്നു. ആയത് പ്രകാരമുള്ള ഇലക്ട്രിക് ജോലികൾ പൂർത്തീകരിച്ചിരുന്നോയെന്നത് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടിയായി ഇലക്ട്രിഫിക്കേഷൻ ജോലികൾ അടുത്ത സാമ്പത്തികവർഷത്തെ പദ്ധതിയിൽ പൂർത്തീകരിക്കുന്നതാണ് എന്ന് അറിയിച്ചിരുന്നു. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, ജനാലകൾക്ക് ഷട്ടർ നിർമ്മാണം, എന്നിവ പൂർത്തിയാക്കാൻ അവശേഷിക്കുന്നു. കൂടാതെ കെട്ടിടത്തിലേക്ക് യാത്രാസൗകര്യവും സജ്ജമായിട്ടില്ല. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖപ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത കെട്ടിടം പ്രയോജനപ്രദമാകുന്ന രീതിയിൽ ടോയ്‌ലറ്റ് നിർമ്മാണം ഉൾപ്പെടെ മറ്റ് അനുബന്ധ സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തി തുടർ പ്രോജക്റ്റുകൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ അപാകതകൾ

പ്രോജക്ട് നം.S0081/19

വികസനഫണ്ട് -420,000

ചെലവഴിച്ച തുക -420,000

മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ ലോൺ എടുത്തിട്ടുള്ള ഗ്രേഡിംഗിലൂടെ തിരഞ്ഞെടുത്ത 42കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടായി 10,000/-രൂപ വീതം നൽകിയിട്ടുണ്ട്. സ.ഉ.കൈ (നം)22/2018/ത.സ്വ.ഭ.വ.തീ.14.2.18ലെ ഉത്തരവ് ഖണ്ഡിക 21 പ്രകാരം സംരഭകത്വ

പ്രോത്സാഹനത്തിനാണ് റിവോൾവിംഗ് ഫണ്ടും പലിശ സബ്സിഡിയും നൽകേണ്ടത്. ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീ ഗ്രൂപ്പുകൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ടെങ്കിലും, അവർ യാതൊരുവിധ സംരംഭകത്വ പ്രവർത്തനവും നടത്തിയിട്ടില്ലായെന്ന് ഗ്രൂപ്പംഗങ്ങൾ അറിയിച്ചിട്ടുണ്ട്. ബാങ്ക് വായ്പ ലഭിച്ചിട്ടുള്ള സംഘങ്ങൾ തുക ഗ്രൂപ്പിലെ അംഗങ്ങൾക്ക് വിതരണം ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്. സംരംഭത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി പ്രവർത്തനം ആരംഭിച്ചാൽ നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് ബോദ്ധ്യപ്പെട്ട് ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ട് വേണം റിവോൾവിംഗ് ഫണ്ട് നൽകാൻ നടപടി സ്വീകരിക്കേണ്ടത്. റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ല താൽക്കാലികമായ പലിശരഹിത പ്രോത്സാഹനം മാത്രമാണ്. ലഭിച്ച റിവോൾവിംഗ് ഫണ്ട് പ്രതിമാസ തവണകളായി തിരിച്ചടയ്ക്കേണ്ടതാണ്. വ്യക്തമായ വായ്പാധിഷ്ഠിതമായ ഒരുതൊഴിൽ സംരംഭക പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ വേണം റിവോൾവിംഗ് ഫണ്ട് നൽകേണ്ടത്. റിവോൾവിംഗ് ഫണ്ട് ഗ്രൂപ്പിനുള്ളിൽ റിവോൾവ് ചെയ്യുന്നുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കണം. സംരംഭകത്വ പ്രേത്സാഹനത്തിന് റിവോൾവിംഗ് ഫണ്ടും പലിശ സബ്സിഡിയും വ്യവസ്ഥകൾ ഒന്നും പാലിക്കാതെ നിർവ്വഹണോദ്യോഗസ്ഥൻ സി.ഡി.എസിന് തുക കൈമാറുക മാത്രമാണ് ചെയ്തിട്ടുള്ളത്. മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.23)യ്ക്ക് മറുപടിയായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സബ്സിഡിയും മാർഗ്ഗരേഖ പ്രകാരമല്ല പ്രോജക്ട് തയ്യാറാക്കിയിരുന്നതെന്നും, മാർഗ്ഗരേഖ പ്രകാരം റിവോൾവിംഗ് ഫണ്ട് റീകൂപ്പ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ തന്നെ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 മന്ദസ്മിതം- സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പ്രോജക്ട് സർക്കാർ അനുമതി ഇല്ലാതെ നടപ്പിലാക്കി

പ്രോജക്ട് നം.105/18-19

അടങ്കൽ

വികസനഫണ്ട് (ജനറൽ) -300,000

ചെലവഴിച്ച തുക -216,000 (ബിൽ നം.13/18-19 തീ 26.3.2019

ഗ്രാമപഞ്ചായത്തിലെ 60 വയസ്സിനു മുകളിലുള്ള വയോജനങ്ങൾക്ക് പല്ല് വയ്ക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കിയതാണ് മന്ദസ്മിതം പ്രോജക്ട്. 19.3.2019ൽ ദന്ത പരിശോധന ക്യാമ്പിൽ പങ്കെടുത്ത 50പേരിൽ 43 പേർക്ക് പല്ല് വച്ചുനൽകിയിട്ടുണ്ട്. ഒരാൾക്ക് 5000/-രൂപ നിരക്കിൽ 215000രൂപയും ക്യാമ്പ് സംഘടിപ്പിക്കുന്നതിന് 1000/-രൂപയും ചേർത്ത് ആകെ 216000/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി-ധനസഹായം സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ.കൈ(നം.)22/2018 ത.സ്വ.ഭ.വ തിരു തീ14.2.2018 ഉത്തരവിൽ പരാമർശിച്ചിട്ടില്ലാത്ത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്നും പ്രേത്യക അനുമതി വാങ്ങി വേണം നടപ്പിലാക്കാൻ. ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മന്ദസ്മിതം പ്രോജക്ടിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ഹാജരാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ലാത്ത പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ

സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങി നടപ്പിലാക്കേണ്ടതാണ്. ഇപ്രകാരം സർക്കാരിൽ നിന്നും അനുമതി വാങ്ങിയിട്ടില്ലാത്തതിനാൽ 216000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 കാഴ്ച 2018- വയോജനങ്ങൾക്ക് കണ്ണട വിതരണം -വാങ്ങിയ കണ്ണടകൾ മുഴുവൻ വിതരണം ചെയ്തിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പ്രോജക്ട് നം.170/19

അടങ്കൽ -300,000 (വികസനഫണ്ട്)

ചെലവഴിച്ച തുക 280872/-

ബിൽ നം.10/18-19 178252/-തീ 26.2.2019

ബിൽ നം.12/18-19 102620/-തീ 20.3.2019

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി വയോജനങ്ങൾക്ക് കണ്ണടകൾ വിതരണം എന്ന പ്രോജക്ടിനായി വിസ്മയാ ഒപ്റ്റിക്കൽസ്, എരുമേലി എന്ന സ്ഥാപനത്തിൽ നിന്നും 259 കണ്ണടകൾ വാങ്ങുന്നതിനായി 280872/-രൂപ ചെലവഴിച്ചിട്ടുണ്ട്. കണ്ണട വിതരണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 250 കണ്ണടകൾ മാത്രമേ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുള്ളൂ. കണ്ണടകൾ പൂർണ്ണമായി വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ഹാജരാക്കിയില്ല. പഞ്ചായത്ത് അംഗങ്ങളുടെ സഹായത്തോടെ മുഴുവൻ കണ്ണടകളും വിതരണം ചെയ്യുന്നതാണെന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. വാങ്ങിയ മുഴുവൻ കണ്ണടകളും വിതരണം ചെയ്ത് വിതരണ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിതരണം ചെയ്യാത്ത കണ്ണടകളുടെ വിലയായ 9760/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 വയബിലിറ്റി ഗ്യാപ് ഫണ്ട്- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | എസ് 73/19 |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 486675/- |
| ചെലവ് | 200145/- |
| ധനസ്രോതസ് | വികസനഫണ്ട് |
| ബിൽ നമ്പർ/ തീയതി | 37/19.12.2018 :41480/- യൂണിഫോമിന്റെ വില<br>44/16.1.2019 :73101/- ഗ്യാപ് ഫണ്ടിനത്തിൽ നൽകിയത്<br>63/29.3.2019 :85564/- ഗ്യാപ് ഫണ്ടിനത്തിൽ നൽകിയത് |

ഹരിതകേരളം മിഷന്റെ ഭാഗമായി പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന യൂസർഫീസ് മതിയാകാതെ വരുന്ന സാഹചര്യത്തിൽ ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ വാർഡ് ഒന്നിന് പ്രതിമാസം 2000/-രൂപ വീതം

ആറുമാസത്തേയ്ക്ക് അനുവദിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചിരുന്നു (തീരുമാനം നമ്പർ- 5/1/30.11.2018). ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയിലെ അംഗങ്ങൾ മുഖാന്തിരം തൻവർഷം യൂസർഫീസ് ഇനത്തിൽ ആകെ 140750/-രൂപ പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിരുന്നതായി ലെഡ്ജർ വ്യക്തമാക്കുന്നു. എന്നാൽ ഇപ്രകാരം പിരിച്ചെടുത്ത യൂസർഫീസ് ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്താതെ, പ്രോജക്ട് പ്രകാരം വികസനഫണ്ട് പിൻവലിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറുകയാണ് ചെയ്തത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| യൂസർഫീസിനത്തിൽ പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയ ആകെ തുക | 140750/-രൂപ |
| ഹരിതകർമ്മസേനയ്ക്ക് തിരികെ നൽകിയ തുക | 79335/- |
| വികസനഫണ്ടിൽനിന്ന് പിൻവലിച്ച് നൽകിയ തുക | 158665/- |

യൂസർഫീസിനത്തിൽ ലഭ്യമായ തുക ഹരിതകർമ്മസേനയ്ക്ക് വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചതിനുശേഷം വികസനഫണ്ട് പിൻവലിച്ച് വിതരണം ചെയ്ത നടപടി ക്രമപ്രകാരമല്ല. 31.3.2019ൽ ഈയിനത്തിൽ 61415/-രൂപ തനതുഫണ്ട് അക്കൗണ്ടിൽ നിലനിന്നിരുന്നു. നിലവിൽ ടി തുക കോർപ്പസ് ഫണ്ടായി ഹരിതകർമ്മസേനയ്ക്ക് കൈമാറിയതായി ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്. ആയതിനാൽ 2018-19 വർഷം ഓരോ വാർഡിലെയും അംഗങ്ങൾ പിരിച്ചെടുത്ത തുകയുടെ കണക്കുകൾ കൃത്യമായി തയ്യാറാക്കുകയും വികസനഫണ്ട് വിഹിതമായി അധികം വിതരണം ചെയ്ത തുക ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽനിന്ന് തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കേണ്ടതുമാണ്.

## 1-24 കായികം 2018- കുട്ടികൾക്ക് കായികപരിശീലനം - പ്രോജക്ടുനിർവഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | എസ് 192/19<br>കായികം 2018- കുട്ടികൾക്ക് കായികപരിശീലനം |
| നിർവഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കൽ | 200000/- |
| ചെലവ് | 199987/- |
| ധനസ്രോതസ് | വികസനഫണ്ട് |
| ബിൽ നമ്പർ/ തീയതി | 1/21.6.2018 |

വിദ്യാർത്ഥികൾക്ക് കായികപരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഈ പ്രോജക്ടുപ്രകാരം 2018 മെയ് മാസത്തിൽ കായികപരിശീലനം നൽകിയിരുന്നു. വിദ്യാർത്ഥികൾക്ക് ജേഴ്സിയും ഭക്ഷണവും വിതരണം ചെയ്യുകയും കായികോപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ഹോണറേറിയം | 56000 |
| ജേഴ്സി | 26200 |

| | |
|---|---|
| സ്പോർട്സ് ഉപകരണങ്ങൾ | 40787 |
| ഭക്ഷണം | 77000 |
| **ആകെ** | **199987** |

പദ്ധതി മാർഗരേഖ പ്രകാരം കുട്ടികളിലെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് എൽ.പി.സ്കൂളുകളിലും വിവിധ ഗെയിംസ് ഇനങ്ങളിലെ ടീമുകളുടെ രൂപീകരണം, സംഘാടനം, തുടർനടത്തിപ്പ് എന്നിവയ്ക്കായി യൂത്ത് ക്ലബുകളുടെ സഹകരണത്തോടെ ഗ്രാമപഞ്ചായത്ത് തലത്തിലും പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്. മേൽ പ്രോജക്ടുപ്രകാരം അവധിക്കാലത്ത് മാത്രമാണ് പരിശീലനം നൽകിയത് എന്നതിനാൽ ടി പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ലെന്ന് വിലയിരുത്താവുന്നതാണ്. തുടർപരിശീലനത്തിന് അവസരം ഒരുക്കാതിരുന്നതിനാൽ ടി പ്രോജക്ടിനായി ചെലവഴിച്ച തുക ഏതാനും സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ധനശേഖരണത്തിനുള്ള ഉപാധിയായി മാറുകയാണ് ചെയ്തത്. ആയതിനാൽ ഇത്തരം പ്രോജക്ടുകൾ മാർഗരേഖയിലെ നിബന്ധനകൾക്കു വിധേയമായി ദീർഘവീക്ഷണത്തോടെ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-25 പരിപൂർണ്ണസാക്ഷരതാപരിപാടി- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 245/19 |
| നിർവഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കൽ | 75000/- |
| ചെലവ് | 70000/- |
| ധനസ്രോതസ് | തനതുഫണ്ട് |
| ചെക്ക് നമ്പർ/ തീയതി | 47512/26.12.2018 |

കേരള സാക്ഷരതാ മിഷൻ നടത്തുന്ന ഹയർ സെക്കൻഡറി തുല്യതാപരീക്ഷയിൽ പങ്കെടുക്കുന്നവരുടെ ഫീസിനത്തിൽ തുക ചെലവഴിക്കുന്നതിന് തയ്യാറാക്കിയ ഈ പ്രോജക്ടുപ്രകാരം 28 പേരുടെ ഫീസിനത്തിൽ 2500/-രൂപ നിരക്കിൽ ആകെ 70000/-രൂപ മിഷൻ ഡയറക്ടറുടെ അക്കൗണ്ടിൽ (എസ്.ബി.ഐ.57026996121) ഒടുക്കിയിരുന്നു. ജില്ലാ മിഷൻ പ്രോജക്ട് ഓഫീസർ അയച്ചുതന്ന ലിസ്റ്റിൽ ഉൾപ്പെട്ടതും മുണ്ടക്കയം ഗ്രാമപഞ്ചായത്ത് നിവാസികളുമായ 28 പേരുടെ ഫീസിനത്തിലാണ് 26.12.2018ൽ തുക ഒടുക്കിയതെങ്കിലും ടി പഠിതാക്കളുടെ പരീക്ഷയ്ക്കുവേണ്ടിയുള്ള 12.5.2019ലെ ഓൺലൈൻ അപേക്ഷകളിൽ തുക ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച വിശദീകരണം അടിയന്തിരമായി ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 7/18.12.2019 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന്മേൽ ഹാജരാക്കിയ മറുപടിയിൽ ടി പഠിതാക്കൾക്ക് പ്ലസ് വൺ തുല്യതാപരീക്ഷയ്ക്ക് ട്രെയിനിംഗ് നൽകിക്കൊണ്ടിരിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളുടെ പേർക്ക് ഫീസ് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിലേയ്ക്കായി 70000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 കുടിവെള്ള പ്രൊജക്റ്റുകൾക്ക് ഗുണഭോക്തൃവിഹിതം വകയിരുത്തിയിരുന്നില്ല

സർക്കാർ ഉത്തരവ് (കൈ) നം 11/2018/തസ്വഭവ തീയതി 29-01-2018 പ്രകാരം എല്ലാകുടിവെള്ള പ്രോജക്റ്റുകൾക്കും പരമാവധി ഗുണഭോക്തൃവിഹിതം സമാഹരിക്കുന്നതിനുള്ള വ്യവസ്ഥ പ്രോജക്റ്റിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം നടപ്പാക്കിയ കുടിവെള്ള വിതരണത്തിനുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ഉൾപ്പെടെയുള്ള പ്രോജക്റ്റുകളിൽ ഗുണഭോക്തൃവിഹിതം വകയിരുത്തിയിരുന്നില്ല. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/20-12-19) മറുപടി ലഭ്യമായിരുന്നില്ല. 2019-20 വർഷം തയ്യാറാക്കിയ പ്രോജക്റ്റുകളിലും ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃപങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിമാർഗ്ഗരേഖാ നിർദ്ദേശം പാലിക്കാത്തത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. പ്രസ്തുത വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ഇ ടെൻഡർ ഫീസുകൾ ഗ്രാമഞ്ചായത്തിൽ ലഭ്യമായിട്ടില്ല

മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ 208-19 വർഷം നടപ്പാക്കിയ 150ലേറെ പ്രോജക്റ്റുകൾ ഇ-ടെൻഡറായാണ് നടപ്പാക്കിയിരുന്നത്. ഇ-ടെൻഡറുമായി ബന്ധപ്പെട്ട ടെൻഡർ ഫീസ് ഒടുക്കി വന്നിരുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2018-19 വർഷം ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡറുകളുടെ ഫീസിനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നുവെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 27/20-12-19) മറുപടിയായി ടെൻഡർ ഫീസിനത്തിൽ ലഭ്യമാകാനുള്ള തുകകൾ ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിരുന്നു. 2018-19 ലേയും മുൻവർഷങ്ങളിലേയും ലഭിക്കുവാനുള്ള തുകകൾ പ്രത്യേക സ്റ്റേറ്റ്മെന്റ് തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിലെ അപാകതകൾ

2019 ഫെബ്രുവരിമാസം വരെ നിർവ്വഹണോദ്യോഗസ്ഥയായിരുന്ന ഐസിഡിഎസ് സൂപ്പർവൈസർ രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനത്തിൽ കുറ്റകരമായ അനാസ്ഥയാണ് കാണിച്ചിരുന്നത്. 43/19 അങ്കണവാടി പോഷകാഹാരം എന്ന പ്രോജക്റ്റിൽപ്പെടുത്തി ഭക്ഷ്യധാന്യങ്ങൾ വിവിധ അങ്കണവാടികളിൽ വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ 02/2019 വരെയുള്ള കാലയളവിൽ സൂക്ഷിച്ചിരുന്നില്ല. പ്രത്യേക പത്രിക തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിന്റെ ആകെ വിതരണം ചെയ്ത അളവ് കണക്കുകൂട്ടി പത്രികയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനായി വിവിധ അങ്കണവാടികളിൽ എത്തിച്ച് നൽകിയതിന്റെ കയറ്റിറക്ക് കൂലി/ട്രാൻസ്പോർട്ടേഷൻ എന്നിവയ്ക്കായി ശ്രീ.വർഗീസ് സ്കറിയ എന്നയാൾക്ക് കി.ഗ്രാ. 2.50 രൂപ നിരക്കിൽ തുക നൽകിയിരുന്നു. പ്രസ്തുത ജോലിയ്ക്കായി ക്വട്ടേഷൻ വിളിച്ച് ടിയാളെ പ്രവൃത്തി ഏൽപ്പിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായിരുന്നില്ല. കോണ്ടിമെന്റ്സ് ചെലവ് സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ

സൂക്ഷിച്ചിരുന്നില്ല. 2017-18 വർഷം ഓഡിറ്റിൽ ഫയലുകൾ ഹാജരാക്കുന്നതിലും തികഞ്ഞ അനാസ്ഥയാണ് നിർവ്വഹണോദ്യോഗസ്ഥ പുലർത്തിയിരുന്നത്. നിലവിലുള്ള ഐസിഡിഎസ് സൂപ്പർവൈസർ ആവശ്യമായ രേഖകളും രജിസ്റ്ററുകളും എഴുതിതയ്യാറാക്കി പരിശോധനയ്ക്ക് സമർപ്പിക്കുകയുണ്ടായി. ഫയലുകളും സ്റ്റോക്ക് രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കുന്നതിനും ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ശബരിമല സ്പെഷ്യൽ ഫണ്ട്

2018-19വർഷം ഗ്രാമപഞ്ചായത്തിന് ശബരിമല സ്പെഷ്യൽ ഫണ്ടിനത്തിൽ 500,000 രൂപ സർക്കാരിൽ നിന്നും ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. ടി ഫണ്ടുപയോഗിച്ച് ശബരിമല മണ്ഡലകാലത്തിന് മുൻപും ശേഷവുമുള്ള ശുചീകരണത്തിനായി 7560/-രൂപയും, സ്ട്രീറ്റ് മെയിൻ വലിക്കലിനായി 100300/-രൂപയും, തെരുവുവിളക്ക് വാങ്ങലിനായി 392450/-രൂപയും, ശബരിമല തീർത്ഥാടകർക്കായി സൈൻ ബോർഡ് സ്ഥാപിക്കലിനായി 120700/-രൂപയുമുൾപ്പടെ തൻവർഷം 621010രൂപ ചെലവഴിച്ചിട്ടുണ്ട്. ശബരിമല സ്പെഷ്യൽ ഫണ്ടിന്റെ വരവ് -ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 802161 |
| വരവ് | 500000 |
| ആകെ | 1302161 |
| ചെലവ് | 621010 |
| നീക്കിയിരുപ്പ് | 681151 |

## 1-30 കന്നുകുട്ടി പരിപാലന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 സാമ്പത്തിക വർഷം കന്നുകുട്ടി പരിപാലന പദ്ധതി (നം. 34/2019) എന്ന പ്രോജക്ട് നടപ്പിലാക്കിയിരുന്നു.

അടങ്കൽ - 500000 (വികസന ഫണ്ട് - പൊതുവിഭാഗം) + 500000 (ഗുണഭോക്തൃ വിഹിതം)

ചെലവ് - 237500 (വികസന ഫണ്ട് - പൊതുവിഭാഗം)

1. കന്നുകുട്ടി പരിപാലന പദ്ധതിപ്രകാരമുള്ള കാലിത്തീറ്റ വിതരണം ഏപ്രിൽ 2019ൽ ആരംഭിച്ചിട്ടുണ്ട്. 19 ഗുണഭോക്താക്കളാണ് പ്രോജക്ടിലുണ്ടായിരുന്നത്. ആഗസ്റ്റ് മാസം വരെ എല്ലാ ഗുണഭോക്താക്കളും കാലിത്തീറ്റ കൈപ്പറ്റിയിരുന്നു. എന്നാൽ 26.8.2019 ന് ശേഷം സുമ ബാലചന്ദ്രൻ, കതിരോലിൽ എന്ന ഗുണഭോക്താവ് കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല. പദ്ധതിയിലുൾപ്പെടുത്തി ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് വിഹിതം ഡെപ്പോസിറ്റ് ചെയ്തതിനു ശേഷം ഗുണഭോക്താവ് കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല.

2. ബിൽ നം. - 11/26.03.209 പ്രകാരം മേൽ പദ്ധതിക്കായി അസിസ്റ്റന്റ് ഡയറക്ടർ, കന്നുകുട്ടി പരിപാലന പദ്ധതി, കോട്ടയം എന്ന പേരിൽ 237500/- രൂപ കോട്ടയം ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട് (അക്കൗണ്ട് നം. 708011400000050). എന്നാൽ ടി പദ്ധതിയുടെ പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/18.12.19) സുമ ബാലചന്ദ്രൻ, കതിരോലിൽ എന്ന ഗുണഭോക്താവിന്റെ കിടാവ് സെപ്റ്റംബർ മാസം ചത്തുപോയിട്ടുള്ളതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. സെപ്റ്റംബർ മാസം മുതൽ ഒരു ഗുണഭോക്താവ് പദ്ധതിയിൽ നിന്ന് ഒഴിവായിട്ടുള്ളതിനാൽ അസിസ്റ്റന്റ് ഡയറക്ടർ, കന്നുകുട്ടി പരിപാലന പദ്ധതിയിൽ മേൽ ഗുണഭോക്താവിനു വേണ്ട വിഹിതമായി വികസന ഫണ്ടിൽ നിന്ന് അടവാക്കിയ തുക തിരികെ ഈടാക്കുന്നതിനോ അടുത്ത വർഷത്തെ പദ്ധതിയിലേക്ക് വക കൊള്ളിക്കുന്നന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. മറ്റ് ഗുണഭോക്താക്കളുടെ വിഹിതം പൂർണ്ണമായി ചെലവഴിച്ച് പദ്ധതി പൂർത്തിയാകുന്ന മുറക്ക് മുഴുവൻ തുകയ്ക്കുമുള്ള പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-31-1 കുഴൽകിണർനിർമ്മാണത്തിനായി ഭൂഗർഭ ജലവകുപ്പിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

2018-19 വർഷം കുഴൽകിണർ നിർമ്മാണത്തിനായി ഭൂഗർഭ ജലവകുപ്പിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം.പേര് | അടങ്കൽ | ചെലവഴിച്ച തുക | നിർവ്വഹണ ഏജൻസി | ബിൽനം./തീയതി |
|---|---|---|---|---|---|
| 1 | ആനിക്കുന്ന് ഭാഗത്ത് കുഴൽ കിണർ നിർമ്മാണം,വാർഡ് 12 SO99/19 | വികസന ഫണ്ട് 50000 | 50000 | ഭൂഗർഭ ജലവകുപ്പ് | ബിൽനം നം.15/18-19തീ28.7.18 |
| 2 | കുളംപടി റോഡ് കുഴൽകിണർനിർമ്മാണംSO203/19 | ധനകാര്യകമ്മീഷൻ ഗ്രാന്റ്-85000 | 84862 | ഭൂഗർഭ ജലവകുപ്പ് | ബിൽനം നം.8/18-19 തീ 14.6.2018 |
| | | ആകെ | 134862 | | |

വിനിയോഗ വിവരം ലഭ്യമാകുന്നതുവരെ ചെലവഴിച്ച 134862 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31-2 പി.എം.എ.വൈ.ഷെയർ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല

ഗ്രാമപഞ്ചായത്തിലെ 5 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിനായി 100000/-രൂപ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന് തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ വിവരം സംബന്ധിച്ചുള്ള രേഖകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിച്ച 100000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 ലൈഫ് ഭവനപദ്ധതി-അവലോകനം

| | |
|---|---|
| ഗുണഭോക്താക്കളുടെ എണ്ണം | 151 |
| പൊതുവിഭാഗം | 123 |
| പട്ടികജാതി | 27 |
| പട്ടികവർഗം | 1 |
| നാളിതുവരെ പൂർത്തിയാക്കിയ വീടുകളുടെ എണ്ണം | 140 |
| ചെലവ് | |
| വികസനഫണ്ട് വിഹിതം | 8878800 |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 2102440 |
| ജില്ലാപഞ്ചായത്ത് വിഹിതം | 6254352 |
| ലോൺ വിഹിതം | 21530308 |
| ആകെ ചെലവു തുക | 38765900 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയതും ഓഡിറ്റ് തീയതിയിൽ ഭവനനിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നതുമായ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്/മേൽവിലാസം | കൈപ്പറ്റിയ ധനസഹായം | കുറിപ്പുകൾ |
|---|---|---|
| അരുൺകുമാർ, വട്ടുതല, ആർ.പി.സി.പി.ഒ | 290560 | മേൽക്കൂര വാർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| ലീലാമണി ശ്രീരാമൻകുട്ടി, നടുവിലേവീട്ടിൽ, കരിനിലം | 360000 | ലിന്റൽനിരപ്പ് പൂർത്തിയായി |
| ശാന്തമ്മ ശശിധരൻ, മരംകൊത്തിയിൽ, കരിനിലം | 360000 | |
| സുജാത സുശീലൻ, കരിക്കൊമ്പിൽ, കരിനിലം | 360000 | |
| ലത സുനീഷ്, പ്ലാപ്പറമ്പിൽ, കരിനിലം | 360000 | |
| രമണി.കെ.എ, കൊച്ചീപ്പടിയ്ക്കൽ, ഇളമ്പ്രാമല | 360000 | |

| | | |
|---|---|---|
| എം.എസ്.രതീഷ്, മുല്ലപ്പള്ളിൽ, കരിനിലം | 360000 | |
| സനീഷ്.കെ.ജി, കളിയിക്കൽ, കരിനിലം | 200000 | |
| കെ.കെ.രാധാകൃഷ്ണൻ, കുറ്റിയാക്കൽ, പുഞ്ചവയൽ | 40000 | |
| സുധാമണി സാബു, അക്കരപ്പറമ്പിൽ, ഇഞ്ചിയാനി | 360000 | |
| സുരേഷ്.എം.ആർ, മുണ്ടകത്തുവയലിൽ, കരിനിലം | 300000 | |

നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനും ധനസഹായം കൊടുക്കുവാൻ ബാക്കി നിൽക്കുന്നവർക്ക് അർഹമായ തുകകൾ സമയബന്ധിതമായി കൈമാറുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 വാടക ഈടാക്കിയതിൽ കുറവ്

പഞ്ചായത്ത് വക മൂന്നാം നമ്പർ ഷോപ്പിംഗ് കോംപ്ലക്സിലെ 21-ാം നമ്പർ മുറി 2018-19 വർഷം ശ്രീ.നജീബ്. എം.എ, മൂലംകുന്ന്പുതുപറമ്പിൽ എന്നയാൾ പ്രതിമാസം 15476/രൂപ വാടകയ്ക്ക് ലേലം കൊണ്ടിരുന്നു. 2018-19 ൽ വാടക ഇനത്തിൽ 29.03.2019 ലെ 118020110723 നമ്പർ രസീത് പ്രകാരം 239922/രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ തുക ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു. ഈടാക്കേണ്ട വാടകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസ വാടക | CGST | SGST | S.TaX | ആകെ | 12 മാസത്തെ വാടക |
|---|---|---|---|---|---|
| 15476 രൂപ | 1393രൂപ | 1393രൂപ | 1488രൂപ | 19750രൂപ | 237000രൂപ |

04/18 മുതൽ 3/2019 വരെയുള്ള 12 മാസത്തെ വാടക ഒടുക്കിയത് 29.03.2019 -ലാണ്. വാടകയുടെ കുടിശികയ്ക്ക് പിഴയായി 24143/ രൂപ (പ്രതിമാസം 2% നിരക്കിൽ) ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം 261143 രൂപ ( 237000+ 24143) ഈടാക്കേണ്ടിയിരുന്നു. എന്നാൽ കുത്തകക്കാരനിൽ നിന്നും ആകെ വാങ്ങിയിട്ടുള്ളത് 239922/രൂപ മാത്രമാണ്. 21221/ രൂപ വാടക ഇനത്തിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു. വാടകയുടെ കുടിശിക ഇല്ലാ എന്നാണ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം വ്യക്തമാകുന്നത്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 28/20.12.19) ലഭ്യമാക്കിയ മറുപടിയിൽ വാടക ഇനത്തിൽ കുറവ് വന്ന തുക ഈടാക്കുന്നതിന്

നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വാടക ഈടാക്കിയതിൽ 21221/ രൂപ കുറവ് വന്നത് മൂലമുള്ള നഷ്ടത്തിന് സെക്രട്ടറി ഗിരിജാകുമാരി അയ്യപ്പൻ ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 മുറികല്ലുപുറം എസ് സി കോളനിയിൽ വനിത കൗൺസിലിങ്ങ് ഹാൾ നിർമ്മാണം -ടെൻഡർ വ്യതിയാനം കുറവ് ചെയ്തില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 328/19 |
| അടങ്കൽ | 5,00,000/-(SCP ഫണ്ട്) |
| ചെലവ് | 4,96,124/- |
| കരാറുകാരൻ | സാജു തോമസ് |
| കരാർ നം | 112/AE/LSGD/MGP/2017-18 തീയതി6-3-18 |
| എംബുക്ക് നം | 52/18-19 |
| ബിൽ നം. | 60/18-19തീയതി 22-12-18 |

വനിതാകൗൺസിലിംഗ് ഹാൾ നിർമ്മാണ പ്രോജക്റ്റിന് ടെൻഡർ, റീ-ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും ആരും തന്നെ പങ്കെടുത്തിരുന്നില്ല. തൻമൂലം ക്വട്ടേഷൻ ക്ഷണിച്ചതിൽ സാജു തോമസ് എന്ന കരാറുകാരൻ സമർപ്പിച്ച 4,65,124/- രൂപയുടെ ക്വട്ടേഷൻ (6.8% below) അംഗീകരിക്കുകയുണ്ടായി. ടിയാൾ നിർവ്വഹണോദ്യോഗസ്ഥനുമായി കരാറിലേർപ്പെടുകയും ചെയ്തിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി ബിൽ തയ്യാറാക്കിയതിൽ ടെൻഡർ വ്യതിയാനം കുറവ് വരുത്തിയിരുന്നില്ല. കരാറുകാരന് നൽകാവുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ വേലമൂല്യം | 4,96,124 |
| ടെൻഡർ വ്യതിയാനം കുറവ് ചെയ്യേണ്ടത് 6.8% below | (-)33736 |
| അധികം നൽകിയ തുക | 33736/- |

പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം17/20-12-19) മറുപടിയായി അധികം നൽകിയ തുകയായ 33736/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് തിരികെ അടയ്ക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. കരാറുകാരന് അധികം നൽകിയ 33736 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുകയുടെ അധികചെലവിന് നിർവ്വഹണോദ്യോഗസ്ഥനായ അസി.എഞ്ചിനീയർ ശ്രീ.ലിയോ.എം.ജോസ് ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

# ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 12.06.2019-13.06.2019 | കെ എസ് എ കെ ടി എം പി-11/877/2019, 25.06.2019 |

### 4-2 സംയുക്ത പ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക ധനകാര്യ പത്രിക ആർ പി-31 ഷെഡ്യൂൾ പ്രകാരമുള്ള വരവാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സംയുക്ത പ്രോജക്കുകൾക്കുള്ള തുകകൾ സംയുക്ത പ്രോജക്കുകൾക്കായുള്ള ട്രഷറി ടി എസ് ബി അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുകകളാണ് ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത്.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 22-9-2018 | 199685 | ലൈഫ് മിഷൻ – റ്റിഎസ് പി | 180000 | 19685 |
| ,, | | 2403792 | ലൈഫ് മിഷൻ -എസ് സി പി | 2403792 | 0 |
| | | 3670560 | ലൈഫ് മിഷൻ – ജനറൽ | 3670560 | 0 |
| **ആകെ** | | **6274037** | | **6254352** | |
| ബ്ലോക്ക്പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 30-5-18 | 200000 | പള്ളിക്കുന്ന് ആനിക്കുന്ന് റോഡ് | 124848 | 75152 |
| | 20-6-18 | 150000 | നെൻമേനി 15 ഏക്കർ വെട്ടുകല്ലാംകുഴി റോഡ് | 105503 | 44497 |
| | 26-6-18 | 100000 | പുലിക്കുന്ന് ചിറക്കൽ അമ്പലം റോഡ് | 74080 | 25920 |

| | | | | |
|---|---|---|---|---|
| 26-6-18 | 200000 | പാലിയേറ്റീവ് കെയർ | 59906 | 140094 |
| 27-6-18<br>25-7-18<br>31-10-18 | 480000 | വികലാംഗ സ്കോളർഷിപ്പ് | 480000 | 0 |
| 29-6-18 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| 18-7-18 | 100000 | മാലിന്യമറ നിർമ്മാണം | 100000 | 0 |
| 18-7-18<br>26-9-18 | 87882 | ലൈഫ് മിഷൻ – റ്റിഎസ് പി | 0 | 87882 |
| 18-7-18<br>26-9-18 | 447760 | ലൈഫ് മിഷൻ -എസ് സി പി | 447760 | 0 |
| 18-7-18<br>26-9-18 | 1654680 | ലൈഫ് മിഷൻ – ജനറൽ | 1654680 | 0 |
| 19-9-18 | 200000 | കരടിമല കുടിവെള്ളപദ്ധതി | 0 | 200000 |
| 26-9-18 | 150000 | മംഗലംപറമ്പ് പുളിക്കൽ കവല റോഡ് | 147038 | 2962 |
| 26-9-18 | 200000 | അംഗൻവാടിയ്ക്ക് സ്ഥലം വാങ്ങൽ | 0 | 200000 |
| 28-9-18 | 300000 | വേലനിലം കുടിവെള്ള പദ്ധതിയ്ക്ക് പൈപ്പ് ലൈൻ | 129015 | 170985 |
| 29-9-18 | 400000 | മുറികല്ലുപുറം എസ് സി കോളനി റോഡ് | 0 | 400000 |

| | | | | | |
|---|---|---|---|---|---|
| | 29-9-18 | 500000 | പട്ടികജാതി കുടുംബങ്ങൾക്ക് പഠനോപകരണം | 259968 | 240032 |
| | 20-10-18 | 150000 | പൈങ്ങന SNDP ഇളമ്പ്രാമല റോഡ് | 86751 | 63249 |
| **ആകെ** | | **5420322** | | **3769549** | 1650773 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 203/19- കുളംപടി റോഡ് കുഴൽക്കിണർ നിർമ്മാണം | 21800293 | 84862 | --- | 84862 |
| | 99/19- വാർഡ് 12 കുഴൽക്കിണർ നിർമ്മാണം | 21800373 | 50,000 | --- | 50,000 |
| കെഎസ്ഇബി, മുണ്ടക്കയം | 226/19 താന്നിക്കപ്പതാൽ സ്ട്രീറ്റ് മെയിൻ | 21800965 | 88500 | | 88500 |
| | 96/19ശബരിമല- സ്ട്രീറ്റ് മെയിൻ | 21801163 | 100300 | | 100300 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 21530308/-രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് | 1078/10 തീ 26-3-2010 | 20967891 | 771999 | 771999 | -- | 0 |
| ആർ.ഡി.ബി | 1588/10 തീ 13-5-2010 | 4264248 | 1066068 | 426424 | _ | 639644 |
| കെ.യു.ആർ.ഡി.എഫ്.സി | ജി.ഒ.(എം എസ്) 68/18, 18.5.18 | 21530308 | 0 | --- | --- | 21530308 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 19523722 |
| തൻവർഷം നിക്ഷേപിച്ച തുക | 1005694 |
| ആകെ | 20529416 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20529416 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| | തുക |
|---|---|
| കണ്ണിമല എസ്.സി.ബി. (എഫ്.ഡി.1) | 1182264 |
| കണ്ണിമല എസ്.സി.ബി. (എഫ്.ഡി 2) | 1180977 |
| എസ്.ബി.റ്റി, പുഞ്ചവയൽ (F D.3) | 1628451 |
| എസ്.സി.ബി, മുണ്ടക്കയം (F D.4) | 1451084 |

| | |
|---|---|
| എസ്.ബി.റ്റി, പുഞ്ചവയൽ (F D.5) | 2283366 |
| കണ്ണിമല എസ്.സി.ബി (F D.6) | 782645 |
| എസ്.സി.ബി, മുണ്ടക്കയം (F D.7) | 693916 |
| എസ്.സി.ബി, ഇഞ്ചിയാനി (F D.8) | 1665524 |
| എസ്.ബി.റ്റി, മുണ്ടക്കയം (F D.9) | 1503350 |
| യൂണിയൻ ബാങ്ക് മുണ്ടക്കയം (FD 10) | 1616011 |
| എസ്.ബി.റ്റി, പുഞ്ചവയൽ(FD 11) | 3763053 |
| ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്,(F D 12) | 2000000 |
| എസ്.സി.ബി, ഇഞ്ചിയാനി(FD 13) | 778775 |

കുറിപ്പ് : FD1, FD2, FD6, FD13 എന്നീ സ്ഥിരനിക്ഷേപങ്ങളുടെ 31.03.2017ലെ നീക്കിയിരിപ്പ് തുക സ്ഥിരനിക്ഷേപരജിസ്റ്ററിൽ ചേർത്തിരുന്നത് കൃത്യമായിരുന്നില്ല. 2016-17 വർഷം ആർജ്ജിച്ച പലിശ രണ്ടുതവണ ക്രെഡിറ്റ് ചെയ്തുകൊണ്ടാണ് ടി അപാകത സംഭവിച്ചത്. തന്മൂലം 31.03.2017ലെ സ്ഥിരനിക്ഷേപമൂല്യം സാംഖ്യയിൽ ചേർത്തിരുന്നത് തെറ്റാണ്. B12 ഷെഡ്യൂൾ പ്രകാരം സ്ഥിരനിക്ഷേപമൂല്യം ചേർത്തിരിക്കുന്നത് 20578300/-രൂപയാണ്. യഥാർത്ഥ മൂല്യം 20529416/-രൂപയാണ്. 48884/-രൂപയുടെ വ്യത്യാസം ഉണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി വിശദാംശങ്ങൽ നിരീക്ഷിക്കുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രികി പരിശോധിച്ച് കണ്ടെത്തിയ ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം., തുക |
|---|---|---|---|---|
| 2005-06 | 2-7 (എ) | 5000 | തഹസിൽദാർ കാഞ്ഞിരപ്പള്ളി | 11802040002/ 23.04.18 |
| 2005-06 | 2-7 (എ) | 5000 | തഹസിൽദാർ കാഞ്ഞിരപ്പള്ളി | 11802050010/ 08.06.18 |
| 2005-06 | 2-7 (എ) | 10000 | തഹസിൽദാർ കാഞ്ഞിരപ്പള്ളി | 11802050011/ 08.06.18 |

| | | | | |
|---|---|---|---|---|
| 2005-06 | 2-7 (എ) | 5000 | തഹസിൽദാർ കാഞ്ഞിരപ്പള്ളി | 11802040004/ 20.07.18 |
| 2005-06 | 2-7 (എ) | 10000 | തഹസിൽദാർ കാഞ്ഞിരപ്പള്ളി | 11802040021/ 08.02.19 |
| 2005-06 | 2-7 (എ) | 6522 | തഹസിൽദാർ കാഞ്ഞിരപ്പള്ളി | 11802040022/ 08.02.19 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 ചെലവ് | 17 | 2000-01 | iv-1-29(ബി) | അങ്കണവാടികൾക്ക് കെട്ടിടം പണിയൽ-ധനദുർവിനിയോഗം | നിയമസഭാസമിതി നിർദേശപ്രകാരം തുക തട്ടിക്കിഴിക്കാനാവുമോ എന്ന് പരിശോധിക്കു ന്നതിലേക്ക്, നിർമ്മിച്ച കെട്ടിട ഭാഗങ്ങളുടെ എസ്റ്റിമേറ്റ് എടുക്കാൻ എൻജിനീയറെ ചുമതലപ്പെടുത്തി. |
| 1997-98 ചെലവ് | 6 | 2000-01 | iv-29 (എ) | മലിനജല കനാൽ വൃത്തിയാക്കൽ-വേലക്കൂലി നൽകൽ | തുക തിരികെയൊടുക്കിയത് ബഹു. നിയമസഭാ സമിതിയെ ബോദ്ധ്യപ്പെടുത്തി. |
| പൊതുപരാമർശം | | 2011-12 | 3-1-23 | കാർഷികപദ്ധതികളും കൃഷിഭവനും – പ്രവർത്തനാവലോകനം. | 17-6-15 ലെ തെളിവെടുപ്പ യോഗത്തിൽ സെക്രട്ടറി കൃഷി ഓഫീസർ എന്നിവർ റിപ്പോർട്ട് നല്കി. |
| പൊതുപരാമർശം | | 2011-12 | 3-1-6 | കൃഷിഭവനിലെ ഭൗതികസാഹചര്യം എന്ന പരാമർശം. | 27.5.15 ലെ തെളിവെടുപ്പ യോഗത്തിൽ റിപ്പോർട്ട് നല്കി. |
| 2009-10, 2010-11 | | 2011-12 | 3-1-19 | ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ | 27.5.15 ലെ തെളിവെടുപ്പ യോഗത്തിൽ റിപ്പോർട്ട് നല്കി. |

| | | | | | |
|---|---|---|---|---|---|
| 2000-01 | 1എ,1ബി,2എ,2ബി | 2004-05 | 3-5-4(1) | മത്സ്യമാർക്കറ്റ് കെട്ടിടം പണിയിലെ അപാകത. | തുക തിരികെയൊടുക്കുന്നതിന് കൺവീനർക്ക് നോട്ടീസ് നല്കി. |
| 2004-05 ചെലവ് | 2-12 | 2006-07 | 3-32-1 | കേന്ദ്രാവിഷ്കൃത പദ്ധതി, എസ്.ജി.ആർ.വൈ ഭക്ഷ്യധാന്യ ദുർവിനിയോഗം. | വിജിലൻസ് കേസ് നിലനിൽക്കുന്നു. |
| 1999-2000 | 67,68 | 2002-03 | VII-5-5-1 | ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം -ഉയർന്ന നിരക്കിൽ സാധനം വാങ്ങിയതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് 40960/- രൂപ ഈടാക്കി. ബാക്കി തുക ഈടാക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയർക്ക് നോട്ടീസ് നല്കി. |
| 99-2000,00-01,01-02 ജനകീയാസൂത്രണം. | 2-8 | 2004-05 | 3-5-1-4-2 | ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് നിർമാണത്തിലെ അപാകത | ഫയൽ എന്നിവ എം.ബുക്ക്, ഹാജരാക്കി തടസ്സം ഒഴിവാക്കണമെന്ന് അസിസ്റ്റന്റ് എൻജിനീയറെ അറിയിച്ചിട്ടുണ്ട്. |
| 98-99(ചെലവ്) | 18(എ.എഫ്) | 2003-04 | 3-5-4 | പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കരാർ വ്യവസ്ഥയിൽ ചെയ്ത മരാമത്ത് പ്രവൃത്തികൾ | ബഹു.നിയമസഭാ സമിതിയുടെ നിർദേശാനുസരണം പരാമർശം ഒഴിവാക്കുന്നതിന് ലോക്കൽഫണ്ട് ഓഡിറ്റിന് 25.4.15ൽ അപേക്ഷ നല്കി. |

## 4-9 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം.**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 201610653.06 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 130267818 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 21221 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 33736 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1442622 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം**

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ അളിന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 21221 | | ഗിരിജാകുമാരി അയ്യപ്പൻ, സെക്രട്ടറി |
| 3-1 | | 33736 | ലിയോ എൽ ജോസ്, അസി.എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 12000 | ഗിരിജാകുമാരി അയ്യപ്പൻ, സെക്രട്ടറി |
| 1-21 | 216000 | ഡോ. പ്രശാന്ത് എ.എം. മെഡിക്കൽ ഓഫീസർ, പിഎച്ച് സി |
| 1-22 | 9760 | ഡോ. പ്രശാന്ത് എ.എം. മെഡിക്കൽ ഓഫീസർ, പിഎച്ച് സി |
| 1-25 | 70000 | സജികുമാർ എം. എ, ഹെഡ്മാസ്റ്റർ |
| 1-31-1 | 134862 | ഗിരിജാകുമാരി അയ്യപ്പൻ, സെക്രട്ടറി |
| 1-31-2 | 1000000 | ഗിരിജാകുമാരി അയ്യപ്പൻ, സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം**

**ഇല്ല**

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഗിരിജാകുമാരി അയ്യപ്പൻ, സെക്രട്ടറി | സെക്രട്ടറി, മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | കരോട്ട്വീട്ടിൽ, ഇഞ്ചിയാനി പി.ഒ. പാറത്തോട് -686512 |

| | | |
|---|---|---|
| ലിയോ എൽ ജോസ് | അസിസ്റ്റന്റ് എഞ്ചിനീയർ, മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | ജോസ് വില്ല, മണ്ണടിക്കോണം, ഊരൂട്ടമ്പലം പി.ഒ. തിരുവനന്തപുരം-695507 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 96-97(വരവ്) | കെഎസ്എ.കെടിഎം.പി 13/1613/16/ 12.06.17 | 1 |
| 97-98(വരവ്) | കെഎസ്എ.കെടിഎം.പി13/1611/16/ 12.06.17 | 1 |
| 97-98(ചെലവ്) | കെഎസ്എ.കെടിഎം.പി-11/(അദാ.18)/ 196(1)/18/03.03.18 | 5 |
| 98-99(ചെലവ്) | കെഎസ്എ.കെടിഎം.പി-11/(അദാ.18)/ 196(2)/18/28.02.18 | 2 |
| 98-99 (വരവ്) | കെഎസ്എ.കെടിഎം.പി13/1606/ 16/12.06.17 | 1 |
| 99-2000 | കെഎസ്എ.കെടിഎം.പി-11/(അദാ.18)/ 196(3)/ 18/28.02.18 | 29 |
| 2000-01 | കെഎസ്എ.കെടിഎം.പി-11/(അദാ.18)/ 196(4)/18/28.02.18 | 5 |
| 2001-02 | എൽ.എഫ്.കെ.പി.9/1044/08/30.6.09 | 11 |
| 2000-01&01-02 ജനകീയാസൂത്രണം | കെഎസ്എ.കെടിഎം.പി-13/1604/16/ 22.01.18 | 11 |
| 2002-03(വരവ്) | കെഎസ്എ.കെടിഎം.പി-11/(അദാ.18)/ 196(5)/ 18/28.02.18 | 2 |
| 2002-03(ചെലവ്) | കെഎസ്എ.കെടിഎം.പി-11/(അദാ.18)/ 196(6)/18/28.02.18 | 2 |

| | | |
|---|---|---|
| 2003-04(ചെലവ്) | എൽ.എഫ്.കെ.പി9/81/07/06.11.07 | 33 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി9/1046/08/06.07.09/08.09.09 | 11 |
| 2004-05(വരവ്) | എൽ.എഫ്.കെ.പി9/827/08/3.3.10 | 23 |
| 2004-05(ചെലവ്) | എൽ.എഫ്.കെ.പി.1/190/അദാ./ഇ4/23.2.11 | 4 |
| 2005-06 | എൽ.എഫ്.കെ.പി9/1027/10/26.11.10 | 14 |
| 2006-07 | എൽ.എഫ്.കെ.പി9/552/14.5.12 | 19 |
| 2007-08 | എൽ.എഫ്.കെ.പി13/530/13/13.6.13 | - |
| 2008-09 | എൽ.എഫ്.കെ.പി13/530(1)/13/15.6.13 | 11 |
| 2009-10 | എൽ.എഫ്.കെ.പി.13/530(2)/13/15.6.13 | - |
| 10-11&11-12 | കെഎസ്എ.കെടിഎം.പി-11/(അദാ.18)/196(7)/18/28.02.18 | 10 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി.13/1609/16/07.6.17 | 11 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.13/537/16/21.02.16 | 10 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.13/1456/16/30.05.17 | 11 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.13/974/17/16.08.17 | 19 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.11/1422/17/25.1.18 | 26 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.11/190/2019/4.02.19/7.219 | 28 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

**കെ.എസ്.എ.കെ.ടി.എം.പി 11/1956/2019** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**ഫോൺ : 0482564886**

**ഇ മെയിൽ : doktm.ksad@kerala.gov.in**

**തീയതി:** 17.01.2020

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷികധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ** വാർഷികധനകാര്യപത്രിക, വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**